# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഏലിയാ-സ്ലീവാ-മൂശെ-പള്ളിക്കൂദാശ ലക്കം 2012



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



## വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

ഓ മറിയമേ, ഏറ്റവും പരിശുദ്ധയായ കന്യകയേ, മിശിഹായിൽ ഒരു പുതിയ ജീവിതം അതിന്റെയെല്ലാ മനോഹാരിതയോടുംകൂടി ഞങ്ങൾ ആരംഭിക്കുവാനായി ഞങ്ങളെയും നിന്നോടുകൂടി ഈശോയിലേക്കു കൊണ്ടുപോകണമേ.

തിന്മയ്ക്കുമേൽ ഈശോ അനശ്വര വിജയം നേടിയതുപോലെയും സർപ്പത്തിന്റെ തല തകർത്ത് നീ വിജയം വരിച്ചതുപോലെയും നന്മയും തിന്മയും തമ്മിലുള്ള ഭയാനകയുദ്ധത്തിൽ വിജയം വരിക്കുവാനായി ഞങ്ങളെ കരംപിടിച്ചു നടത്തണമേ. അനശ്വരസന്തോഷത്തിൽ മിശിഹായുടെ മഹത്ത്വമേറിയ മുഖം, എന്നേക്കും മറയ്ക്കപ്പെടാതെയുള്ള മുഖം, ദർശിക്കുന്ന ദിനംവരെ അമ്മേ, ഞങ്ങളെ നിന്റെ പിന്നാലെ നീ കൊണ്ടുപോകണമേ, ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 30 ഏലിയാ-സ്ലീവാ-മൂശെ-പള്ളിക്കൂദാശാ ലക്കം 2012


"ഇതാണ് ദൈവഹിതം, നിങ്ങളുടെ
വിശുദ്ധീകരണം" (1 തെസ 4,3).

## ഉള്ളടക്കം


- സ്നേഹത്തിന്റെ ദാസ്യം 3
- പരി. കുർബാന ഒരു അനുസ്മരണം 5
- ദൈവാരാധന തിരുവചനത്തെ കാത്തുസൂക്ഷിക്കുന്ന സക്രാരി 7
- മാതൃസ്നേഹവും പിതൃവാത്സല്യവും- ദൈവത്തിൽ 9
- മനസ്സിൽ + ആക്കുക = മനസ്സിലാക്കുക 11
- ക്രിസ്തീയവിശ്വാസം ആവശ്യമോ? 13
- വാതിൽ 15
- അവരെ ഇറക്കിവിടരുത് 16
- വിശ്വാസവെല്ലുവിളിയും വിശ്വാസവർഷാചരണവും 18
- The Phenomenon of Declining Church Attendance among Youth 21
- നീ എന്നെ സ്നേഹിക്കുന്നുവോ? 22
- ഭൂമിതന്നുപ്പായ് ലോകത്തിൽ പ്രകാശമായ് 23
- പരി. കുർബാന ഏറ്റവും വലിയ അത്ഭുതം 26
- ശ്രദ്ധിക്കുക-നമ്മുടെ കുഞ്ഞുങ്ങളെ 29
- സ്വർഗ്ഗാരോപണത്തിലെത്തിനില്ക്കുന്ന സ്വാതന്ത്ര്യം 30
- അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ 31
- പള്ളികൾ വിഗ്രഹങ്ങളാകാതിരിക്കട്ടെ 32



സ്പിരിച്ച്വൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

**വാർഷിക വരിസംഖ്യ -50/-**

കവർ ഡിസൈനിംഗ് & ലെഔട്ട്
**ഡോളി എ.ഒ**

പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**

## എഡിറ്റോറിയൽ

# സമർപ്പണത്തിന്റെ തിരിനാളം

മഹത്ത്വം വരിച്ച സ്ലീവായും അന്ത്യവിധിയും തന്റെ മണവാട്ടിയായ സഭയെ പിതാവിന്റെ മുമ്പിൽ മിശിഹാ സമർപ്പിക്കുന്നതുമൊക്കെ ധ്യാനവിഷയമാക്കുന്ന ആരാധനാവത്സരത്തിന്റെ അവസാനനാളുകളിലേക്ക് – ഏലിയാ-സ്ലീവാ-മൂശെ-പള്ളിക്കൂദാശാക്കാലങ്ങളിലേക്ക് – നാം പ്രവേശിക്കുകയാണല്ലോ.


മിശിഹാരഹസ്യങ്ങൾ ധ്യാനവിഷയമാക്കിയ ഒരു വത്സരം കൂടി അവസാനിക്കുമ്പോൾ നമ്മുടെയോരോരുത്തരുടെയും കഴിഞ്ഞുപോയ നാളുകളിലെ ജീവിതത്താളുകൾ ഒന്ന് മറിച്ചുനോക്കേണ്ടേ... ആരാധനാവത്സരകാലഘട്ടങ്ങളിലെ ധ്യാനവിഷയങ്ങൾ എത്രത്തോളം ജീവിതബന്ധിയാക്കാൻ കഴിഞ്ഞുവെന്നും തമ്പുരാന്റെ മുമ്പിലുള്ള നമ്മുടെ സമർപ്പണത്തിന് എത്രത്തോളം ആഴമുണ്ട് എന്നും വിലയിരുത്താനുള്ള സമയമായി.

ദൈവതിരുമുമ്പിലുള്ള സമർപ്പണത്തിന് വിവിധ രീതികളുണ്ട്. പ്രാർത്ഥനാ വേളകളിൽ നാം സർവ്വശക്തനു മുമ്പിൽ സ്വയം സമർപ്പിക്കാറുണ്ട്. നമുക്കു ചുറ്റുമുള്ളവരിൽ ദൈവസാന്നിദ്ധ്യം ദർശിച്ച് അവന്റെ മുമ്പിൽ സമർപ്പണം ചെയ്യുമ്പോൾ – മാതാപിതാക്കൾ മക്കൾക്കുവേണ്ടിയും മക്കൾ മാതാപിതാക്കൾക്കു വേണ്ടിയും ശിഷ്യർ ഗുരുഭൂതരുടെ മുമ്പിലും സുഹൃത്തുക്കളും ദമ്പതികളും പരസ്പരവും സമർപ്പിക്കുമ്പോൾ – അതും ദൈവതിരുമുമ്പിൽ നല്കുന്ന സമർപ്പണംതന്നെയാണ്. ഉത്തരവാദിത്വങ്ങളുടെയും കടമകളുടെയും മുമ്പിൽ എടുക്കുന്ന തീരുമാനവും സമർപ്പണത്തിന്റേതാവണം.

സ്വന്തം രൂപവും അസ്തിത്വവും ഇല്ലാതാക്കിക്കൊണ്ട് മറ്റുള്ളവർക്കു വെളിച്ചം പകരാനായി ഉരുകിത്തീരുന്ന തിരിപോലെ അപരനുവേണ്ടി അർപ്പണം ചെയ്യാൻ നമുക്കു കഴിയണം. സഭാമക്കളെല്ലാവരും പരസ്പരം സ്നേഹിക്കുന്നവരും പരസ്പരം അർപ്പിക്കുന്നവരുമാകുമ്പോൾ താൻ വിഭാവനം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്തതുപോലെയുള്ള സഭയെ മിശിഹാ ദൈവപിതാവിനു മുമ്പിൽ സമർപ്പിക്കുകയും ചെയ്യും.

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സെനക്കിൾ ആദ്ധ്യാത്മികത - 7



# സ്നേഹത്തിന്റെ ദാസ്യം

ഡോ. മാത്യു വെള്ളാനിക്കൽ

സെനക്കിൾ ആദ്ധ്യാത്മികതയുടെ അന്തസ്സത്തയാണ് സ്നേഹത്തിന്റെ ദാസ്യം. മിശിഹായുടെ പരമാവധി സ്നേഹം സെനക്കിളിൽ വെളിപ്പെടുത്തപ്പെടുന്നത് പാദം കഴുകലിലാണ്: "അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽ കെട്ടി" (യോഹ 13,4). പ്രത്യക്ഷത്തിൽ തീർത്തും യുക്തിരഹിതമെന്നു തോന്നുന്ന ഈ പ്രവൃത്തി സഹനദാസനായ മിശിഹായുടെ രഹസ്യത്തിന്റെ (ഏശ 52-53) വെളിപ്പെടുത്തലാണ്. പിതാവിന്റെ പ്രിയപുത്രനായ മിശിഹാ ശിഷ്യരുടെ മുമ്പിൽ ദാസന്റെ വേഷമണിഞ്ഞ് താണിറങ്ങുന്നു; അവരുടെ പാദങ്ങൾ കഴുകുന്നു.

## ദാസന്റെ രൂപം സ്വീകരിച്ച സ്നേഹം

താൻ ചെയ്യുന്നതിന്റെ അർത്ഥം മനസ്സിലാക്കാതെ പ്രതികരിക്കുന്ന പത്രോസിന്റെയും തന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടാതെ കഠിനഹൃദയനായിരിക്കുന്ന യൂദാസിന്റെയും കാലുകൾ സ്നേഹത്തോടെ കൈകളിലെടുത്ത് തന്റെ കണ്ണുനീർ കലർന്ന വെള്ളംകൊണ്ട് കഴുകുകയും അരയിൽ കെട്ടിയിരിക്കുന്ന കച്ച കൊണ്ട് തുടയ്ക്കുകയും ചെയ്യുന്ന ഈശോ യഥാർത്ഥത്തിൽ സഹനദാസന്റെ വേഷം സ്വീകരിക്കുകയാണ്. സ്നേഹത്തിന്റെ ദാസ്യം സ്വയം സ്വീകരിക്കുന്ന ഈശോയുടെ ഈ മനോഭാവമാണ് വി. പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നത്: "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് ... മരണം വരെ - അതേ, കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി 2,6-8).

## പാഠമായി നല്കപ്പെടുന്ന സ്നേഹം

പാദം കഴുകലിനുശേഷം ഇത് തന്റെ ശിഷ്യർക്ക് ഒരു പാഠമായി നല്കുന്നതാണെന്ന് അവിടുന്നു വ്യക്തമാക്കുന്നുണ്ട്: "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ നിങ്ങളുടെ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (യോഹ 13,13-15). ദാസനടുത്ത ഈ സ്നേഹം തന്റെ ശിഷ്യന്മാർ ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്ന് ഈശോ ഉദ്ബോധിപ്പിക്കുന്നു. ഇങ്ങനെ പ്രവർത്തിച്ചാൽ അവർ അനുഗൃഹീതരാകുമെന്നും ഇവിടെ ഈശോ വ്യക്തമാക്കുന്നുണ്ട് (യോഹ 13,17).




### ജീവിതം സ്നേഹദാസ്യം

ഈശോയുടെ ജീവിതം മുഴുവൻ ഒരു സ്നേഹദാസ്യമായിരുന്നു. മരണം ആ ജീവിതത്തിന്റെ പൂർത്തീകരണമാണ്. പാദം കഴുകൽ അവിടുത്തെ മരണത്തെ സൂചിപ്പിക്കുന്ന അടയാളവുമാണ്. ഒരു കാലിത്തൊഴുത്തിൽ അവിടുന്നു പിറക്കുന്നു. ഒരു തൊഴിലാളിയുടെ ദരിദ്രഭവനത്തിൽ അവിടുന്നു വളരുന്നു. അന്നന്നയപ്പത്തിനായി അദ്ധ്വാനിക്കുന്നു. പക്ഷികൾക്കു കൂടുകളും കുറുനരികൾക്കു മാളങ്ങളുമുണ്ടായിരിക്കെ തല ചായ്ക്കുവാൻ ഒരിടമില്ലാതെ അവിടുന്നു തന്റെ പരസ്യജീവിതം ചെലവഴിക്കുന്നു. മൂന്നാണികളിൽ തറയ്ക്കപ്പെട്ട് കുരിശുമരണം വരിക്കുന്നു. തനിക്കായി ഒന്നും സമ്പാദിക്കുകയോ സൂക്ഷിക്കുകയോ ചെയ്യാതെ മറ്റുള്ളവർക്കുവേണ്ടി പൂർണ്ണമായും സ്വയം വ്യയം ചെയ്ത ഒരു മനുഷ്യജീവിതം! ഇതായിരുന്നു ഈശോയുടെ ജീവിതം. ഇതാണ് ഈശോ സെനക്കിളിൽ പഠിപ്പിക്കുന്ന പാഠം.

### സ്നേഹദാസ്യം പ്രബോധനത്തിൽ

അന്ത്യത്താഴസന്ദർഭത്തിൽ തങ്ങളിൽ ആരാണ് വലിയവൻ എന്നൊരു തർക്കം ശിഷ്യരുടെയിടയിൽ ഉണ്ടായതായി സുവിശേഷം രേഖപ്പെടുത്തുന്നു (ലൂക്കാ 22,24). ഈ സന്ദർഭത്തിൽ ഈശോ ശിഷ്യന്മാരെ പഠിപ്പിക്കുന്നതും സ്നേഹദാസ്യത്തെക്കുറിച്ചുതന്നെയാണ്: "നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയുമായിരിക്കണം"(ലൂക്കാ 22,26). മത്തായി-മർക്കോസ് സുവിശേഷകന്മാരിൽ ഈ സന്ദർഭത്തിൽ ഈശോ രണ്ടുവാക്കുകൾ ഉപയോഗിക്കുന്നുണ്ട്: 1. ശുശ്രൂഷകൻ (ഗ്രീക്കിൽ ദിയാക്കൊനോസ്), 2. ദാസൻ (ഗ്രീക്കിൽ ദൂളോസ്) (മത്താ 20,27; മർക്കോ 10,43-44). തന്റെ ജീവിതം മാതൃകയായി എടുത്തു കാണിച്ചുകൊണ്ടാണ് ഈ പ്രബോധനം ഈശോ ശിഷ്യർക്കു നല്കുന്നത്. തന്റെ ശുശ്രൂഷ തുടരുവാൻ തിരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാർ തന്റെ സ്നേഹദാസ്യത്തിന്റെ ഉടമകളായിരിക്കണമെന്ന് ഇതിലൂടെ ഈശോ വ്യക്തമാക്കുന്നു.

### സ്നേഹദാസ്യം പുരോഹിതശുശ്രൂഷയിൽ

ഈശോയുടെ ജീവിതത്തിന്റെ മുഖമുദ്രയായ സ്നേഹദാസ്യം അവിടുത്തെ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേരുന്നവരുടെ അടിസ്ഥാനസവിശേഷതയായിരിക്കണമെന്ന് ഈ പ്രബോധനം വ്യക്തമാക്കുന്നുണ്ട്. ക്രൈസ്തവപൗരോഹിത്യത്തിന്റെ പേരുതന്നെ 'ശുശ്രൂഷാപൗരോഹിത്യം' എന്നാണല്ലോ. സഭയിൽ അജപാലനാധികാരം കൈകാര്യം ചെയ്യപ്പെടുമ്പോൾ, അധികാരത്തിന്റെ പ്രലോഭനമുണ്ടാകുവാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടായിരിക്കണം ഈശോ ഈ വിഷയത്തിൽ വ്യക്തമായ പ്രബോധനം നല്കുന്നത്. ഈശോയുടെ സ്നേഹദാസ്യത്തിന്റെ സ്വഭാവമാണ് അജപാലനശുശ്രൂഷയിൽ പ്രതിഫലിക്കേണ്ടത്.

### സഭയും സ്നേഹദാസ്യവും

ഈശോയുടെ സ്നേഹദാസ്യം സഭയ്ക്കു മുഴുവനായി നല്കപ്പെടുന്ന ഒരു പാഠമാണ്. മനുഷ്യകുലം മുഴുവനെയും ശുശ്രൂഷിക്കുവാൻ പിതാവിനാൽ നിശ്ചയിക്കപ്പെട്ടവളും പരിശുദ്ധാത്മാവിന്റെ സ്നേഹാഗ്നിയാൽ മിശിഹായാൽ സ്ഥാപിക്കപ്പെട്ടവളുമാണ് താൻ എന്നത് സഭ ഒരിക്കലും മറക്കരുത്. വചനം എല്ലാവർക്കുമായി മനുഷ്യനായി, സഹോദരനായി, ശുശ്രൂഷകനായി, ദാസനായി (ഹെബ്രാ 2,10-15). അതുപോലെ ലോകം മുഴുവനിലുമായി പാപത്താൽ ചിതറിക്കപ്പെട്ടു കിടക്കുന്ന ദൈവമക്കൾക്ക് (യോഹ 11,52) ശുശ്രൂഷ ചെയ്യാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. ഈശോയുടെ ജീവിതത്തിന്റെ മുഖമുദ്രയായ സ്നേഹദാസ്യം സഭാംഗങ്ങളുടെ ജീവിതത്തിൽ പ്രവർത്തികമാക്കിയെങ്കിലേ ഈ സഭാദൗത്യം നിർവ്വഹിക്കപ്പെടുകയുള്ളു.

*ഈശോയുടെ ജീവിതത്തിന്റെ മുഖമുദ്രയായ സ്നേഹദാസ്യം അവിടുത്തെ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേരുന്നവരുടെ അടിസ്ഥാനസവിശേഷതയായിരിക്കണമെന്ന് ഈ പ്രബോധനം വ്യക്തമാക്കുന്നുണ്ട്.*



# പരിശുദ്ധ കുർബാന ഒരു അനുസ്മരണം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

കൗദാശിക ആദ്ധ്യാത്മികത

പരിശുദ്ധ കുർബാന ഓർമ്മയാചരണമാണ്. പരിശുദ്ധ കുർബാനയുടെ സ്ഥാപന വിവരണത്തിൽ നാം കാണുന്നു: "എന്റെ ഓർമ്മയ്ക്കായ് നിങ്ങൾ ഇതു ചെയ്യുവിൻ" (1കോറി 11:24,25; ലൂക്കാ 22:19). പരിശുദ്ധ കുർബാനയുടെ അർപ്പണവേളയിൽ ഈശോയുടെ ഈ കല്പനാനുസ്മരണം പല പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. (ഓനീസാ ദ്റാസ്; സ്ഥാപനവിവരണാനന്തരം, നാലാം ഗ്ഹാന്താ). പുതിയ നിയമത്തിൽ അനുസ്മരണം എന്ന പദം കൂടുതൽ അവസരങ്ങളിലും പരിശുദ്ധ കുർബാനയുമായി ബന്ധപ്പെടുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത്.

**എന്താണ് അനുസ്മരണം?**

ഓർമ്മ അഥവാ അനുസ്മരണം എന്നാൽ ഒരു വസ്തുതയെ മനുഷ്യന്റെ മാനോമുകരത്തിൽ ഉദിപ്പിക്കുക എന്നാണ് സാധാരണയുള്ള അർത്ഥം. ഇത് മനുഷ്യബുദ്ധിയിൽ നടക്കുന്ന ഒരു പ്രവൃത്തിയാണ്. അതിനാൽ ബുദ്ധിക്ഷയം സംഭവിക്കുമ്പോൾ ഓർമ്മയും ക്ഷയിക്കുന്നു. ഓർമ്മയില്ലാത്ത മനുഷ്യനെ വെറും മൃഗജീവൻ മാത്രമുള്ളവനെപ്പോലെയാണ് കരുതപ്പെടുന്നത്.

എന്നാൽ വിശുദ്ധഗ്രന്ഥത്തിലും ദൈവശാസ്ത്രത്തിലും ഓർമ്മ, അനുസ്മരണം എന്നത് ഗ്രീക്കുപദമായ അനംനേസിസ് എന്നതിന്റെ ഭാഷാന്തരമാണ്. ഇതാകട്ടെ വെറും ബൗദ്ധിക തലത്തിലുള്ള ഒരു

പ്രവൃത്തിയല്ല, എന്നിൽ സംഭവിക്കുന്ന ഒരു യാഥാർത്ഥ്യം എന്നതിനെക്കാൾ എന്നിലൂടെ ഓർമ്മിക്കപ്പെടുന്ന യാഥാർത്ഥ്യത്തിൽവരുന്ന സംഭവമാണ്. അതായത് ഓർമ്മിക്കപ്പെടുന്ന വസ്തുതയോ വ്യക്തിയോ യഥാർത്ഥ്യമായി ത്തീരുന്ന പ്രക്രിയയാണ് അനുസ്മരണം. അനംനേസിസ് എന്നത് ഒരുതരത്തിലുള്ള യാഥാർത്ഥ്യവത്ക്കരണമാണെന്നു പറയാ നാവും.

ഈ അർത്ഥത്തോടെയാണ് മനുഷ്യർ തങ്ങളെ ഓർമ്മിക്കണം എന്ന് ദൈവത്തോട് അപേക്ഷിക്കുന്നത്. "നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമെ" എന്ന് ഈശോയോട് വലതുവശത്തു കിടന്ന കള്ളൻ അഭ്യർത്ഥിക്കുന്നതും അതിനുത്തര മായി, "നീ ഇന്ന് എന്നോടു കൂടെ പറുദീസയി ലായിരിക്കും" എന്ന് ഈശോ അരുൾചെയ്യു ന്നതും ഈ അർത്ഥത്തിലാണ് (ലൂക്കാ 23:42-43). നെഹെമിയാ ദൈവത്തോട് 'ഓർമ്മി ക്കണേ' എന്ന് ആവർത്തിച്ച് പ്രാർത്ഥിക്കുന്നു (നേഹെമിയ 4:14; 5:19; 6:14; 13:22; 13:29; 13:31).

മലയാളത്തിൽ അനുസ്മരണം എന്ന തിന്റെ അർത്ഥം (അനു + സ്മൃതി) വീണ്ടുമുള്ള ഓർമ്മ എന്നാണ്. സ്മൃതിയുടെ അർത്ഥം അനു ഭവത്തിന്റെ ഫലമായ ജ്ഞാനം, ഓർമ്മ എന്നാണ്. അനുഭവഫലമായ ജീവിതയാഥാർ ത്ഥ്യത്തെ, ജീവിതഭാഗമായ ഒരു സത്യത്തെ വർത്തമാനമാക്കുക എന്നതാണ്. ഓർമ്മിക്കുക എന്നതിന് മുമ്പറിഞ്ഞിട്ടുള്ളതിനെപ്പറ്റിയുള്ള



വിചാരം എന്നേ അർത്ഥമുള്ളു. വിശുദ്ധ കുർ ബാന ഓർമ്മയാചരണമല്ല, അത് *അനംനേ സിസ്* അഥവാ അനുസ്മരണമാണ്. അതുവഴി മനുഷ്യകുലത്തിന്റെ രക്ഷയ്ക്കു നിദാനമായ മിശിഹായുടെ പെസഹാരഹസ്യങ്ങൾ യഥാ തഥാ വർത്തമാനകാല അനുഭവമായിതീരുന്നു. നാമതിന്റെ ഭാഗമായിക്കൊണ്ട് അത് സ്വന്തമാ ക്കുന്നു.

**എന്താണ് അനുസ്മരിക്കുന്നത്?**

പരിശുദ്ധ കുർബാന അന്ത്യത്താഴ ത്തിന്റെ ഓർമ്മയാചരണമാണെന്ന പ്രതീതി യിലാണ് പലപ്പോഴും ഇത് അർപ്പിക്കുന്നത്. അൾത്താര ചിത്രീകരണം നൽകുന്നതും വട്ട മേശസമ്മേളനങ്ങളും പൂജാർപ്പണരീതികളു മൊക്കെ അനുകരിക്കുന്നതും അന്ത്യത്താഴ മേശയിലെ പ്രവൃത്തിയുടെ ഓർമ്മയാചര ണവും മനുഷ്യൻ അർപ്പിക്കുന്ന കാഴ്ചയുമായി കുർബാനയെ കാണുന്നതിനാലാണ്.

മുമ്പ് ഉദ്ധരിച്ച കുർബാന സ്ഥാപന വിവരണങ്ങളിൽ നാം വ്യക്തമായി കാണുന്നത് കുർബാന ഈശോയുടെ ഓർമ്മയ്ക്കായി ചെയ്യുവാനുള്ള ഒരു കർമ്മമാണ് എന്ന യാഥാർ ത്ഥ്യമാണ്. ഇത് ഈശോയുടെ ജീവിതത്തിലെ ഒരു പ്രത്യേക പ്രവൃത്തിയുടെ അനുസ്മരണം മാത്രമല്ല. ഈശോയുടെ അനുസ്മരണമാണ്. ഈശോയെ അനുസ്മരിക്കുന്നത് അവിടുത്തെ രക്ഷാപദ്ധതിയുടെ അനുസ്മരണത്തിലൂടെ യാണ്.

ഈശോയുടെ ഓർമ്മ വാക്കുകളിലല്ല, പ്രവൃത്തിയിൽ ആചരിക്കുവാനാണ് ആവശ്യ പ്പെട്ടിരിക്കുന്നത്. 'ഇത് ചെയ്യുവിൻ' എന്നാണ് തിരുവചനത്തിൽ പറയുന്നത്. ആകയാൽ വിശുദ്ധ കുർബാന നമ്മുടെ നാഥനും രക്ഷക നുമായ ഈശോയുടെ അനുസ്മരണമാണ്. അനുസ്മരണം ഒരു സത്യത്തെ യാഥാർത്ഥ്യമാ ക്കുന്നു എന്നു നാം കണ്ടു. അതായത് കുർബാ നയിൽ ഈശോയെ അനുസ്മരിക്കുന്നതുവഴി അവിടുത്തെ സാന്നിധ്യം യഥാർത്ഥമാകുന്നു.







# ദൈവാരാധന തിരുവചനത്തെ കാത്തുസൂക്ഷിക്കുന്ന സക്രാരി

ഡോ. ജോസഫ് റോബി
ആലഞ്ചേരി

ദൈവവചനവും ആരാധനക്രമവും തമ്മിലുള്ള അഭേദ്യബന്ധത്തെക്കുറിച്ച് "കർത്താവിന്റെ വചനം" (Verbum domini) എന്ന സിനഡനന്തര ശ്ലൈഹിക പ്രബോധനം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ബൈബിൾ ജനിച്ചുവളർന്ന് പക്വമായത് സഭയാകുന്ന ഭവനത്തിലാണെങ്കിൽ അതിനെ ഇന്നും പാവനമായി കാത്തുസംരക്ഷിക്കുന്ന സക്രാരിയാണ് സഭയുടെ ആരാധനക്രമം. പഴയനിയമകാലംതൊട്ടേ വി. ഗ്രന്ഥവായനയ്ക്ക് ദൈവാരാധനയിൽ സവിശേഷസ്ഥാനമുണ്ടായിരുന്നു. യഹൂദന്മാരുടെ സാബത്താചരണത്തിന്റെ മുഖ്യഭാഗം മോശയുടെ പഞ്ചഗ്രന്ഥങ്ങളും (തോറാ), പ്രവാചകഗ്രന്ഥങ്ങളും ഉറക്കെ വായിക്കുക എന്നതായിരുന്നു. വചനവായന എന്നുപറയുമ്പോൾ അത് വെറും കഥ വായിക്കുന്നതുപോലെയല്ല, മറിച്ച് പ്രാർത്ഥനാപൂർവ്വം വ്യാഖ്യാനത്തോടെയാണ് വായിക്കുക. തിരുവചനത്തിന്റെ ധ്യാനാത്മകമായ പഠനംപോലെയാണത്. ഇപ്രകാരം ഈശോതന്നെ സാബത്താചരിച്ചിരുന്നതായി ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഈശോ സ്വദേശമായ നസ്രത്തിലെ സിനഗോഗിൽ സാബത്തുദിവസം പോകുന്നതും അവിടെ വച്ച് ഏശയ്യായുടെ പ്രവചനം വായിക്കുന്നതും അതിനവസാനം ആ തിരുവചനത്തിന് ഹ്യസ്വമായ ഒരു വ്യാഖ്യാനം നൽകുന്നതും ലൂക്കാ 4:16–22 വിവരിക്കുന്നുണ്ട്.

പുതിയനിയമകാലഘട്ടത്തിലും സഭാമക്കൾ ഒന്നിച്ചുകൂടുമ്പോൾ തിരുവചനം വായിച്ചിരുന്നു. പൗലോസ് ശ്ലീഹാ വിവിധ സഭകൾക്ക് ലേഖനങ്ങൾ എഴുതിയത്, വിശ്വാസികൾ ഒന്നിച്ചുകൂടുന്ന ദൈവാരാധന മദ്ധ്യേ എല്ലാവരും വായിച്ചു കേൾക്കുന്നതിനായിരുന്നു. സുവിശേഷങ്ങളും ലേഖനങ്ങളും




എഴുതപ്പെട്ടത് പുസ്തകമായി ലൈബ്രറിയിൽ സൂക്ഷിക്കാനല്ല, മറിച്ച് ദൈവവചനം ഒന്നിച്ചുകൂടുന്ന വേളകളിൽ ഉറക്കെ പ്രഘോഷിക്കുന്നതിനുവേണ്ടിയാണ്. വി. ഗ്രന്ഥത്തിന്റെ ചുരുളുകൾ സൂക്ഷിച്ചിരുന്നത് ദൈവാലയത്തിലും അത് സംവഹിച്ചുള്ള പ്രദക്ഷിണം വളരെ ആഘോഷപൂർവ്വവുമായിരുന്നു. തിരുവചനവായനയ്ക്കും ധ്യാനത്തിനും പഠനത്തിനുമുള്ള ഏറ്റം ശ്രേഷ്ഠമായ വേദിയായിരുന്നു സഭയുടെ ദൈവാരാധന. തിരുവചനത്തിന്റെ ഇരിപ്പിടവും സക്രാരിയുമാണ് ആരാധനക്രമം.


ആരാധനക്രമം മുഴുവനും അതിന്റെ സ്വഭാവത്താൽതന്നെ വി. ഗ്രന്ഥത്തിൽ നിമഗ്നമാണ്. ലിറ്റർജിയെക്കുറിച്ചുള്ള രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ നാം ഇപ്രകാരം വായിക്കുന്നു. “ആരാധനക്രമാനുഷ്ഠാനത്തിൽ വി. ഗ്രന്ഥത്തിനു പരമപ്രാധാന്യമാണുള്ളത്. കാരണം, വായനകൾ വി. ഗ്രന്ഥത്തിൽ നിന്നുള്ളവയാണ്. അവ സുവിശേഷപ്രസംഗത്തിൽ വിശദീകരിക്കപ്പെടുന്നു; സങ്കീർത്തനങ്ങൾ ആലപിക്കുന്നതും വിശുദ്ധ ഗ്രന്ഥത്തിൽനിന്ന്; പ്രാർത്ഥനകൾ, സ്തോത്രങ്ങൾ, ആരാധനാഗീതങ്ങൾ ഇവയ്ക്ക് പ്രചോദനം ലഭിച്ചിട്ടുള്ളതും വി. ഗ്രന്ഥത്തിൽ നിന്നുതന്നെ. എന്നല്ല, വി. ഗ്രന്ഥത്തിൽനിന്നാണ് ആരാധനക്രമപരമായ പ്രവൃത്തികളും അടയാളങ്ങളും അർത്ഥമുൾക്കൊള്ളുന്നത്” (SC 24)

വി. ഗ്രന്ഥപാരമ്പര്യത്തിന്റെ സ്വാഭാവിക തുടർച്ചയാണ് ആരാധനക്രമപ്രാർത്ഥനകൾ എന്നു പറഞ്ഞാൽ തെറ്റില്ല. തിരുവചനത്തിന്റെ ഏറ്റം വിശ്വസ്തവും സഭാത്മകവുമായ വ്യാഖ്യാനമാണ് ആരാധനക്രമപ്രാർത്ഥനകൾ. സഭാപാരമ്പര്യം എന്ന മൂശയിൽ കാച്ചിക്കുറുക്കി വാർത്തെടുത്തതാണ് ആരാധനക്രമത്തിലെ തിരുക്കർമ്മങ്ങളും പ്രാർത്ഥനകളും. ആയതിനാൽ തിരുവചനത്തിന്റെ പ്രഥമവും പ്രധാനവുമായ വ്യാഖ്യാനമാണ് ആരാധനക്രമം എന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. ആധുനിക ബൈബിൾ വ്യാഖ്യാതാക്കൾ ഈ സത്യത്തിനുനേരെ കണ്ണടയ്ക്കാൻ പാടില്ല. ഉത്തരാധുനിക ബൈബിൾ വ്യാഖ്യാനത്തിന്റെ പേരിൽ പരമ്പരാഗതപ്രാർത്ഥനകളും ഭാഷാശൈലികളും മാറ്റി എഴുതുന്നതും ശരിയായ രീതിയല്ല. ബൈബിൾ രചിക്കപ്പെട്ട അതേ സാംസ്കാരിക പശ്ചാത്തലത്തിലും ആദ്ധ്യാത്മികസമ്പത്തിലുമാണ് പൗരസ്ത്യസുറിയാനി ആരാധനക്രമപ്രാർത്ഥനകൾ ഉരുത്തിരിഞ്ഞത്. ആയതിനാൽ വി. ഗ്രന്ഥംപോലെതന്നെ ദൈവാരാധനയിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളും അവയുടെ മൂലഭാഷയും പാവനമായി കാത്തുസൂക്ഷിക്കപ്പെടേണ്ടതാണ്.

വി. ഗ്രന്ഥത്തിനു നൽകുന്ന എല്ലാ വിശേഷണങ്ങളും ആരാധനക്രമപ്രാർത്ഥനകൾക്കും നൽകാവുന്നതാണ്. ദൈവമാണ് വി. ലിഖിതത്തിന്റെ കർത്താവെന്ന് പറയുന്നതുപോലെ ആരാധനക്രമം ദൈവത്തിന്റെ പ്രവൃത്തി (work of God) യാണെന്ന് പറയുന്നതിൽ ഒരു അതിശയയോക്തിയുമില്ല. അതേ വിധത്തിൽ വി. ലിഖിതത്തിലെ ഗ്രന്ഥങ്ങൾക്ക് മാനുഷിക രചയിതാക്കൾ ഉള്ളതുപോലെ ആരാധനക്രമത്തിനും മാനുഷികഘടകമുണ്ട്. ദൈവത്തിന്റെ പ്രവൃത്തിയിൽ മനുഷ്യൻ പങ്കുചേരുന്നു, അങ്ങനെ ദൈവാരാധന മാനുഷികപ്രവൃത്തികൂടിയാണ്. ദൈവം എപ്രകാരം ബൈബിൾ രചയിതാക്കളുടെ കഴിവുകളും ശക്തിയും ഉപയോഗിച്ച് അവരെ പ്രചോദിപ്പിച്ചോ അതേപോലെ ദൈവാരാധനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയേയും ആത്മാവ് അഭിഷേകം ചെയ്യുകയും അവശ്യഘടകമാക്കി ഉയർത്തുകയും ചെയ്യുന്നു.

വി. ലിഖിതം പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ എഴുതപ്പെട്ടതാണ്. അതേ പരിശുദ്ധാത്മാവ് അതു വായിക്കുന്ന വ്യക്തിക്ക് അതിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കാൻ ഇടയാക്കുന്നു. അതായത് വി. ഗ്രന്ഥത്തിന്റെ സത്യവ്യാഖ്യാനം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. ഇതേ പരിശുദ്ധാത്മാവ് തന്നെയാണ് ആരാധനക്രമത്തിലും സന്നിഹിതനായിരിക്കുന്നത്. തിരുക്കർമ്മത്തിലും അതിന്റെ അനുഷ്ഠാനങ്ങളിലും ആത്മാവിന്റെ നിറവുണ്ട്. ആരാധനക്രമപ്രാർത്ഥനകൾ ഇക്കാരണത്താൽ റൂഹാക്ഷണപ്രാർത്ഥനകളാണ് (epicletic prayers). ആത്മാവിന്റെ അഭിഷേകമാണ്. ചുരുക്കത്തിൽ വി. ഗ്രന്ഥത്തോടുള്ള അതേ ഭയാദരവും ബഹുമാനവും ആരാധനക്രമഗ്രന്ഥങ്ങളോടും തിരുകർമ്മാനുഷ്ഠാനവിധികളോടും നാം പ്രകടിപ്പിക്കേണ്ടതാണ്. വി. ഗ്രന്ഥ വ്യാഖ്യാനത്തിന്റെയും ആദ്ധ്യാത്മികതയുടെയും സ്വാഭാവികവും ജീവാത്മകവുമായ വളർച്ചയാണ് സഭയുടെ ആരാധനക്രമം.

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-7



# മാതൃസ്നേഹവും പിതൃവാത്സല്യവും-ദൈവത്തിൽ

**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സൃഷ്ടിച്ചതിനുശേഷം മനുഷ്യനെ ഉപേക്ഷിച്ചുപോകുന്ന ഒരു ദൈവമല്ല നമുക്കുള്ളത്. മറിച്ച് തന്റെ സൃഷ്ടികളോട് നിരന്തരം ബന്ധപ്പെടുന്ന ദൈവമാണവിടുന്ന്. സൃഷ്ടിയുടെ ആരംഭം മുതലേ മനുഷ്യനെ വിസ്മയിപ്പിക്കുന്ന വിധത്തിലുള്ള മൃദുലതയാർന്ന ഇടപെടലുകളാണ് അവിടുന്ന് നടത്തുന്നത്. ഇതിലൂടെ മനുഷ്യനോടുള്ള തന്റെ അനന്തസ്നേഹം അവിടുന്ന് വെളിപ്പെടുത്തുകയാണ്.

തന്റെ വാക്കുകൾക്ക് വിലകല്പിക്കാതെ അനുസരണക്കേടിലൂടെ ആദം പാപം ചെയ്തപ്പോഴും 'ആദം നീ എവിടെയാണ്' (ഉൽപ 3,9) എന്നു ചോദിച്ചുകൊണ്ട് ഒരു ആത്മശോധനയ്ക്കായി ദൈവം ആദത്തെ ക്ഷണിക്കുകയാണ് ആദ്യം ചെയ്തത്. അവനോടുള്ള ദൈവത്തിന്റെ അനന്തമായ സ്നേഹമാണ് ഇത് പ്രകടമാക്കുന്നത്. എന്നാൽ സ്വന്തം തെറ്റ് ഏറ്റുപറഞ്ഞ് മാപ്പിരക്കുന്നതിനു പകരം 'നീ എനിക്കു തന്ന സ്ത്രീ' മൂലമാണ് തെറ്റ് സംഭവിച്ചതെന്നു പറഞ്ഞ് ദൈവത്തിൽ കുറ്റമാരോപിക്കാനാണ് ആദം തുനിഞ്ഞത്. ദൈവം തന്റെ കാഴ്ചയിൽ പ്രസാദിക്കാത്തതിന്റെ പേരിൽ കായേന്റെ മുഖം കറുത്തപ്പോൾ ദൈവം അവനോടു പറയുന്നു: "ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരുപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താല്പര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം" (ഉൽപ 4,7). തിന്മയെ ഹൃദയത്തിൽ പൂജിച്ച് തന്നിൽനിന്നും അകലുന്നവന് ദൈവം തന്റെ സ്നേഹോപദേശങ്ങൾ നല്കുകയാണ്. തന്റെ ഉപദേശം സ്വീകരിക്കാതെ സ്വന്തം സഹോദരനെ കൊന്നിട്ടും ദൈവം തന്റെ കരുണനിറഞ്ഞ സ്നേഹം അവനിൽ ചൊരിഞ്ഞു - ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെമേൽ ഒരടയാളം പതിച്ചു!


## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഉൽപത്തിപുസ്തകം ആറാം അദ്ധ്യായത്തിൽ, പഴയനിയമത്തിലെ പിതാക്കന്മാരുടെ ഗണത്തിലൊന്നും പെടാത്ത ഒരു പാവപ്പെട്ട മനുഷ്യനായ നോഹയുമായുള്ള ദൈവത്തിന്റെ സംഭാഷണം രേഖപ്പടുത്തിയിട്ടുണ്ട്. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതുമാത്രമാണെന്നും കണ്ട ദൈവമായ കർത്താവ് മനുഷ്യനെ സൃഷ്ടിച്ചതിൽ പരിതപിച്ചു. എന്നാൽ നോഹ കർത്താവിന്റെ പ്രീതിക്കു പാത്രമായി. ഭൂമുഖത്തെ ജീവജാലങ്ങളെയെല്ലാം നശിപ്പിക്കാൻ തീരുമാനിച്ച ദൈവം തന്റെ പ്രിയപ്പെട്ടവനായ നോഹയ്ക്കു കൊടുക്കുന്ന നിർദ്ദേശങ്ങൾ അവിടുത്തെ മാതൃഭാവവും പിതൃഭാവവും തെളിയിക്കുന്നതാണ്. ഗോഫെർമരംകൊണ്ട് പെട്ടകം നിർമ്മിക്കുന്നതിനും അതിന് മുറികൾ തിരിക്കുന്നതിനും അതിന്റെ അകത്തും പുറത്തും കീലു തേയ്ക്കുന്നതിനുമൊക്കെ കൊടുക്കുന്ന നിർദ്ദേശങ്ങൾ മനുഷ്യന്റെ ഓരോ ചെറിയ ആവശ്യം പോലും പരിഗണിക്കുന്ന ദൈവത്തിന്റെ സ്നേഹത്തെയാണ് വെളിപ്പെടുത്തുന്നത്. പെട്ടകമുണ്ടാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ മാത്രമല്ല, അതിൽ പ്രവേശിപ്പിക്കേണ്ടവയെക്കുറിച്ചും ശേഖരിക്കേണ്ട ഭക്ഷണത്തെക്കുറിച്ചുമെല്ലാം വിശദമായ വിവരണങ്ങൾ ദൈവം മോശയ്ക്ക് നല്കുന്നുണ്ട്. നോക്കുക, സൃഷ്ടിയുടെ മേലുള്ള സ്രഷ്ടാവിന്റെ കരുതൽ! മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുന്നതുപോലെ മനുഷ്യന് എല്ലാം പറഞ്ഞുകൊടുത്ത് പഠിപ്പിക്കുന്ന ദൈവം!

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ അബ്രാഹവുമായുള്ള ദൈവത്തിന്റെ സംഭാഷണങ്ങളും ഏറെ ഹൃദ്യമാണ്. ഉൽപത്തി 12,15,18 അദ്ധ്യായങ്ങൾ ഇതിനുദാഹരണമാണ്. ഉൽപത്തി 15-ാം അദ്ധ്യായത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "അബ്രാമിന് ദർശനത്തിൽ കർത്താവിന്റെ അരുളപ്പാടുണ്ടായി: അബ്രാം, ഭയപ്പെടേണ്ട. ഞാൻ നിനക്കു പരിചയാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും". ഇതുകേട്ടപ്പോൾ അബ്രാം, 'സന്താനങ്ങളില്ലാത്ത എനിക്ക് എന്തു പ്രതിഫലമാണ് നീ തരിക' എന്ന് ചോദിച്ചുകൊണ്ട് തന്റെ ആവലാതികളെല്ലാം തികഞ്ഞ സ്വാതന്ത്ര്യത്തോടെ ദൈവത്തോടു തുറന്നു പറയുകയാണ്. ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ സന്താനപരമ്പരയെ വർദ്ധിപ്പിക്കുമെന്ന വാഗ്ദാനം നല്കിക്കൊണ്ട് അവനെ ആശ്വസിപ്പിക്കുന്ന ദൈവത്തെയാണ് പിന്നീട് നാം കാണുന്നത്. അതുപോലെ ഉൽപത്തി 18-ാം അദ്ധ്യായത്തിൽ, സോദോം, ഗൊമോറാ നശിപ്പിക്കാനായി തീരുമാനിച്ച ദൈവം അത് അബ്രാഹത്തിൽനിന്ന് മറച്ചുവയ്ക്കുന്നില്ല. പകരം തന്റെ തീരുമാനം അവനെ അറിയിക്കുകയാണ്. അവിടെയുള്ള നീതിമാന്മാരെ പരിഗണിച്ച് അവരെ ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്ന് പലവട്ടം അപേക്ഷിക്കാനുള്ള സ്വാതന്ത്ര്യം അബ്രാഹത്തിനുമുണ്ടായിരുന്നു.

ഇതുപോലെ ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെടുവാനുള്ള ധൈര്യം നമുക്കുണ്ടോ? വി. ജെമ്മ ഗൽഗാനിയുടെ ജീവിതചരിത്രത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. അവൾ ഒരു പാപിയുടെ മാനസാന്തരത്തിനായി കർത്താവിനോട് കേണപേക്ഷിച്ചുകൊണ്ടിരുന്നു. അപേക്ഷയ്ക്ക് ഒരു ഫലവും കാണാതെ വന്നപ്പോൾ വളരെ സ്വാതന്ത്ര്യത്തോടുകൂടെ അവൾ കർത്താവിനോട്, "നീ ഇത് എനിക്ക് ചെയ്തുതന്നില്ലെങ്കിൽ ഞാൻ നിന്റെ അമ്മയോടു പറയും" എന്നു പറഞ്ഞു. ദൈവം ആ പാപിയെ മാനസാന്തരപ്പെടുത്തുകതന്നെ ചെയ്തു. വിശുദ്ധയിലൂടെ സംഭവിച്ചിരുന്ന പ്രതിഭാസങ്ങൾ ദൈവികമാണോ എന്നു പരീക്ഷിച്ച വൈദികനാണ് ഇത് സാക്ഷ്യപ്പെടുത്തിയത്. അവളുടെ പ്രാർത്ഥനയിലൂടെ മാനസാന്തരപ്പെട്ട ആ മനുഷ്യൻ പ്രസ്തുത വൈദികന്റെ പക്കൽ കുമ്പസാരിക്കാനായി ചെന്നു. ദൈവവുമായുള്ള വിശുദ്ധാത്മാക്കളുടെ ഇടപെടലുകൾ എത്രമാത്രം തുറവിയുള്ളതും സ്വതന്ത്രവും ഹൃദ്യവുമാണ്! മാനവചരിത്രം പരിശോധിച്ചാൽ ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണത്തിന്റെ പരമ്പര ഇനിയും കാണാനാവും.

# മനസ്സിൽ + ആക്കുക = മനസ്സിലാക്കുക



**നിഖ ജേക്കബ് മങ്ങാട്ട്**

രാമുണ്ണിമാഷ് കുട്ടുവിനോട് ചോദിച്ചു മനസ്സിലാക്കുക എന്ന വാക്ക് പിരിച്ചെഴുതുക. മലയാളം ക്ലാസ്സിൽ മിടുക്കനായ കുട്ടു എഴുന്നേറ്റ് തെല്ല് സന്തോഷത്തോടെ മറുപടി നൽകി മനസ്സിൽ + ആക്കുക, കൂടെ ഒരു വിശദീകരണവും, ഉള്ളിലാക്കുക, ഹൃദയത്തിലക്കുക.

അമ്മിണിയമ്മയുടെ സങ്കടമിതാണ് എനിക്ക് മക്കൾ ഒൻപതാണ്. ഒരു ആൺകുഞ്ഞും എട്ട് പെൺകുട്ടികളും. എട്ടുപേരെയും നല്ല നിലയിൽ വിവാഹം ചെയ്തയച്ചു. അപ്പനില്ലാത്തതിന്റെ കുറവ് യാതൊരു വിധത്തിലും മക്കളെ ബാധിക്കരുതെന്ന വാശിയോടെ. ആകെയുണ്ടായിരുന്ന ആൺതരിയെ സ്നേഹത്തിനും ആവശ്യങ്ങൾക്കും ഒരു കുറവും വരുത്താതെ വളർത്തി. എങ്ങനെ ഇത്രത്തോളമെത്തി എന്നു ചോദിച്ചാൽ എനിക്കറിയില്ല. അത്ര കഷ്ടപ്പെട്ടാ പോറ്റിയത്. പക്ഷേ എന്നെ ഒന്നു മനസ്സിലാക്കുവാൻ പോലും അവന് നേരമില്ല. എന്നാൽ അവന്റെ ഭാഷ്യം എന്റെ വികാരം എന്താ അമ്മ മനസ്സിലാക്കാത്തത് എന്നാണ്. രണ്ടു പേരുടെയും ഇടയിലുള്ള പ്രശ്നങ്ങൾക്ക് ഹേതുവായിത്തീരുക മനസ്സിലാക്കലില്ലായ്മയാണ്.

രാമുണ്ണിമാഷിനോടുള്ള കുട്ടുവിന്റെ മറുപടി ഇവിടെ ശ്രദ്ധേയമാണ്. മനസ്സിലാക്കുക എന്നതിന് ഹൃദയത്തോടു ചേർത്തുവയ്ക്കുക, ഹൃദയത്തിലാക്കുക എന്ന മറുവ്യാഖ്യാനത്തിന് ഏറെ പ്രസക്തിയുണ്ട്. ഈശോയോടൊപ്പം മൂന്നു വർഷം കൂടെയുണ്ടായിരുന്നവനാണ് യൂദാസ്. ഇവൻ തന്നെ ഒറ്റിക്കൊടുക്കുവാനുള്ളവനാണ് എന്നത് ഈശോയ്ക്ക് സ്പഷ്ടം. എന്നാൽ കൂടെയായിരുന്നപ്പോൾ അരികിലിരുത്തുവാനും അന്ത്യത്താഴവേളയിൽ അപ്പം ആദ്യം പകുത്തു നൽകുവാനും സംശയത്തിന്റെയോ മുൻവിധിയുടെയോ ലാഞ്ചനയില്ലാതെ കൂടെനടത്തുവാനും വിശ്വാസ്യതയോടെ പണസഞ്ചിയേൽപ്പിക്കുവാനുമുള്ള ഹൃദയനിറവ് ഈശോയ്ക്കുണ്ടായിരുന്നു.

യോഹന്നാൻ, ഈശോയുടെ ഹൃദയത്തോട് ചേർത്തു വയ്ക്കപ്പെടാൻ ആഗ്രഹിച്ചവനാണ്. അതുകൊണ്ടാവണം മാർവ്വിൽ ചാരിക്കിടന്നതും ഹൃദയസ്പന്ദനം പോലും ഏറ്റുവാങ്ങിയതും. ഗുരുവായി സ്വീകരിച്ചനിമിഷം മുതൽ ഹൃദയത്തിലാക്കുവാനുള്ള ഒരു ശ്രമവും നടന്നിട്ടുണ്ടാവണം. അല്ലെങ്കിലെങ്ങനെയാ മറ്റുള്ളവരൊക്കെ ഉപേക്ഷിച്ചപ്പോഴും പത്രോസ് തള്ളി

പ്പറഞ്ഞപ്പോഴും യൂദാസ് ഒറ്റിക്കൊടുത്തപ്പോഴും വിട്ടുകളയാതെ അടുത്തനുഗമിക്കുവാനായത്... അവിടം കൊണ്ടവസാനിക്കുന്നില്ല ഈ മനസ്സിലാക്കൽ.

......“ദൈവം സ്നേഹമാകുന്നു” 1യോഹ 3:8, “കണ്ടാലും എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്” 1യോഹ 3:1 എന്ന വലിയ മനസ്സിലാക്കലിൽ ചെന്നെത്തുന്നു.

ഗുരുവിന്റെ നെഞ്ചിടിപ്പിന്റെ വേലിയേറ്റങ്ങളെ പൂർണ്ണതയിൽ ഹൃദയത്തിന്റെ ഭാഗമാക്കുവാൻ യോഹന്നാന് കഴിഞ്ഞത് ഈയൊരു ഹൃദയത്തോട് ചേർത്തുവയ്ക്കൽ പ്രക്രിയ നടന്നതുകൊണ്ടാണ്. ഒരേ കൂരയ്ക്കു കീഴിലുള്ളവരുടെ നെഞ്ചിടിപ്പിന്റെ താളക്രമങ്ങളെ ഒപ്പിയെടുക്കണമെങ്കിലും ‘മനസ്സിലാക്കൽ’ അനിവാര്യമാണ്. അകം പൊള്ളയും പുറമേ പ്രകടനങ്ങളുമായി കഴിഞ്ഞുകൂടുന്നവർക്ക് ഇതന്യമാണ്. മനുഷ്യൻ മാനുഷികനായതുകൊണ്ടുതന്നെ ഒരു ഉദരത്തിൽ ജന്മം ലഭിച്ചവന്റെ പോലും ഇല്ലായ്മകളെ, കുറവുകളെ, ദൂഷ്യങ്ങളെ മനസ്സിൽ ആക്കുന്നവരാണേറെയും. എന്നാൽ അപരന്റെ ഭാഷയെ, ഇഷ്ടത്തെ, മുഖഭാവത്തെ തൊട്ടറിയുവാൻ നമുക്കാവണം.

ഉള്ളു നൊന്തിരുന്നനേരത്താ സുഹൃത്തിന്റെ സ്വരം അങ്ങേത്തലയ്ക്കൽ....അത്ര വിദൂരത്തുനിന്നും വിളിക്കുന്നവർ സ്വരമിടറുന്നതറിയരുതെന്ന വാശിയോടെ സന്തോഷം നടിക്കുവാൻ ശ്രമിച്ചു. എങ്കിലും തണുപ്പടിച്ചോ എന്താ സ്വരമടച്ചിരിക്കുന്നതെന്നാരാഞ്ഞതോർമ്മിക്കുന്നു...

ഒരുവന്റെ മുഖത്തെ മഴക്കാറുകളെയും വെള്ളിവെളിച്ചത്തെയും ഒരുവന്റെ നെടുവീർപ്പുകളുടെ ദൈർഘ്യത്തെയും അളന്നെടുക്കണമെങ്കിൽ ഒരമ്മയാവുകയാ പ്രധാനം....ആർക്കും മനസ്സിലാക്കാനാവാത്ത ഒരു കുഞ്ഞിന്റെ ഭാഷയെ, അവന്റെ കരച്ചിലിന്റെ കാരണത്തെയൊക്കെ എത്രവേഗമാ ഒരമ്മയുടെ ഹൃദയം ആവാഹിച്ചെ ടുക്കുക. അമ്മ സാന്ത്വനത്തിന്റെയും സ്നേഹലാളനങ്ങളുടെയും മഹാസാഗരമാണ്, വാത്സല്യ ത്തിന്റെ, കരുതലിന്റെ വറ്റാത്ത ഉറവയാണ്, ക്ഷമയുടെ കോടതിയാണ്, തകർച്ചകളിലും തളർച്ചകളിലും കൈത്താങ്ങാണ്. പലപ്പോഴും അപരന്റെ നൊമ്പരങ്ങളെ, വേദനകളെ, രോഗങ്ങളെ സൗകര്യപൂർവ്വം ഒഴിവാക്കുവാൻ ശ്രമിക്കുന്നവരാണ് നമ്മൾ... വലിയ ഗുരുവായി മണ്ണിലവതരിച്ചവൻ... രോഗികളെ കാരു ണ്യത്തോടെയാ സമീപിച്ചത്...

മനസ്സ് അസ്വസ്ഥരായവരെ സ്നേഹത്തോടെയാ ആശ്വസിപ്പിച്ചത്. പാപികളെ അനുകമ്പയോടെയാ തിരികെ വിളിച്ചത്... വഞ്ചിച്ചവനെപ്പോലും വിശ്വാസത്തോടെയാ കൊണ്ടുനടന്നത്... തള്ളിപ്പറഞ്ഞവനെ ഏറെ വാത്സല്യത്തോടെയാ വീണ്ടെടുത്തത്...

ജീവിതത്തിലെ ഇരുളടഞ്ഞ നാഴികകളിൽ എല്ലാവരാലും ഞാൻ തിരസ്കരിക്കപ്പെട്ട്, ആരും എന്നോടൊപ്പം ഇല്ല, ആരും എന്നെ മനസ്സിലാക്കുന്നില്ല എന്ന ഭാരവുമായി നീങ്ങുമ്പോൾ മനസ്സ് പതറാതെ ഓർമ്മിച്ചെടുക്കുക വലിയ ഗുരുവായി മണ്ണിലവതരിച്ചവൻ നിന്നിലാണിന്ന് ജീവിക്കുക... ചില ഓർമ്മപ്പെടുത്തലുകൾ അവൻ നൽകുന്നുണ്ട് “ഇതാ ഞാൻ നിന്നോടുകൂടിയുണ്ട്, നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും” (ഉൽപ 28:15) “നിന്റെ വിലാപസ്വരം കേട്ട് അവിടുന്ന് കരുണ കാണിക്കും; അവിടുന്ന് അതുകേട്ട് നിനക്ക് ഉത്തരമരുളും” ഏശയ്യ 3:19: “കരയുന്നവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ തുടച്ചുനീക്കുന്നത് കർത്താവിന്റെ കരങ്ങളാണ്”. ‘അമ്മയെപ്പോലെ നിന്നെ ഞാൻ ആശ്വസിപ്പിക്കും’ (ഏശയ്യ 66:13). ഈ ഓർമ്മപ്പെടുത്തലുകളാൽ സൗഖ്യം നേടുന്നതോടൊപ്പം നമ്മുടെ കരങ്ങളിൽ ദൈവം സൂക്ഷിക്കാനേൽപ്പിച്ചിരിക്കുന്നവരെയും നമ്മുടെ കൺമുമ്പിലൂടെ അനുദിനം കടന്നുപോകുന്നവരെയും ഒന്നു ‘മനസ്സിൽ ആക്കാൻ’ സാധിച്ചിരുന്നെങ്കിൽ... ഹൃദയത്തോട് ഒന്നു ചേർത്തു പിടിക്കാനായെങ്കിൽ... എത്ര അർത്ഥപൂർണ്ണമായേനേ ഈ ജീവിതം...!

---

***ഒരേ കൂരയ്ക്കു കീഴിലുള്ളവരുടെ നെഞ്ചിടിപ്പിന്റെ താളക്രമങ്ങളെ ഒപ്പിയെടുക്കണമെങ്കിലും ‘മനസ്സിലാക്കൽ’ അനിവാര്യമാണ്. അകം പൊള്ളയും പുറമേ പ്രകടനങ്ങളുമായി കഴിഞ്ഞുകൂടുന്നവർക്ക് ഇതന്യമാണ്.***

---



# ക്രിസ്തീയവിശ്വാസം ആവശ്യമോ?

പ്രൊ. അബ്രാഹം കോക്കാട്ട്
എലിക്കുളം

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്ന മനുഷ്യന്റെ അന്തരാത്മാവിൽ അടിസ്ഥാന ധാർമ്മികനിയമങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു. തന്മൂലം ധർമ്മമാർഗ്ഗത്തിലൂടെ ചരിക്കുന്നതിനും ദൈവത്തെ പ്രാപിക്കുന്നതിനുമുള്ള ഒരു ഉൾപ്രേരണ അവനിൽ പ്രവർത്തിക്കുന്നു. അതോടൊപ്പം മനുഷ്യനെ വിഷാദചിത്തനാക്കുന്ന പരാധീനതകളും അവനിൽ കുടികൊള്ളുന്നു. അതുകൊണ്ടാണല്ലോ അറിഞ്ഞോ അറിയാതെയോ മുകളിലേക്കു നോക്കി "ദൈവമേ" എന്ന് അവൻ വിളിക്കുക. ദൈവത്തെപ്പറ്റിയുള്ള ചിന്ത അതായത്, മതാത്മകത മനുഷ്യന്റെ കൂടപ്പിറപ്പാണ്. കാലാകാലങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും ഈ ചിന്ത മനുഷ്യമനസ്സിൽ രൂഢമൂലമാണ്.

എല്ലാ മതങ്ങളുടെയും അടിസ്ഥാനതത്ത്വം മനസ്സാക്ഷിയുടെ സ്വരം ശ്രവിച്ച് നന്മ മാത്രം ചെയ്യുക എന്നതാണല്ലോ. തിന്മ ചെയ്യരുതെന്നും സ്വയം നല്ലവരായിക്കൊണ്ട് മറ്റുള്ളവരെ നന്മയിലേക്ക് ആനയിക്കണമെന്നുമാണ് എല്ലാ മതങ്ങളും പഠിപ്പിക്കുക. മതവിശ്വാസികളല്ലാത്തവർപോലും ഈ തത്ത്വചിന്തയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്.

ദൈവം സർവ്വനന്മസ്വരൂപനാണെന്നും അവിടുത്തെ പ്രാപിക്കാൻ പരിശ്രമിക്കണമെന്നുമുള്ള അടിസ്ഥാനതത്ത്വമാണ് എല്ലാ മതങ്ങളും പ്രഘോഷിക്കുക. മനുഷ്യനെ ദൈവത്തിലേക്കും തത്ഫലമായി രക്ഷയിലേക്കും നയിക്കുക എന്നതാണ് എല്ലാ മതങ്ങളുടെയും ലക്ഷ്യമെങ്കിൽ ക്രിസ്തുമതത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടോ? അല്ലെങ്കിൽ എന്തെങ്കിലും പ്രത്യേകത കാണാൻ കഴിയുമോ?

ക്രിസ്തുമതം ഒരു ആവിഷ്കൃത മതമാണ് എന്നതാണ് അതിന്റെ പ്രത്യേകതയും അതുല്യതയും. സ്വാഭാവിക മതങ്ങളും ആവിഷ്കൃതമതവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ദൈവാന്വേഷണത്തിൽ കണ്ടെത്താം. സ്വാഭാവികമതത്തിന്റെ അന്തഃസത്ത ദൈവത്തിലേക്കുള്ള മനുഷ്യന്റെ നീക്കമാണെങ്കിൽ ആവിഷ്കൃതമതത്തിന്റെ കാതൽ മനുഷ്യനിലേക്കുള്ള ദൈവത്തിന്റെ നീക്കമാണ്. മനുഷ്യന്റെ ദൈവാന്വേഷണത്തിന്റെ ഫലമാണ് സ്വാഭാവികമതങ്ങൾ. എന്നാൽ ആവിഷ്കൃതമതങ്ങളുടെ അടിസ്ഥാനം ദൈവത്തിന്റെ സ്വയം വെളിപ്പെടുത്ത

ലാണ്. ഇവിടെ, വെളിപ്പെടുത്തിയ സത്യങ്ങളിലൂടെയും നിയമങ്ങളിലൂടെയും മനുഷ്യനുമായി ദൈവം വ്യക്തിപരമായി ഇടപെടുന്നു. സ്വാഭാവികമതങ്ങളിൽ മുൻകൈ എടുക്കുന്നത് മനുഷ്യനാണെങ്കിൽ ആവിഷ്കൃതമതങ്ങളിൽ മുൻകൈയെടുക്കുന്നത് ദൈവമാണ്.

മനുഷ്യൻ തന്റെ സ്വതന്ത്രമനസ്സ് ഉപയോഗിച്ച് ദൈവപ്രമാണങ്ങളെ ധിക്കരിച്ചപ്പോൾ ദൈവം അവനിൽ നിക്ഷേപിച്ചിരുന്ന വിശേഷഗുണങ്ങളും ദൈവാനുഗ്രഹവും അവന് നഷ്ടപ്പെട്ടു. ഇതുമൂലം ദൈവികരഹസ്യങ്ങളുടെ ഉന്നതമണ്ഡലത്തിലേക്ക് മനുഷ്യന് സ്വയം ഉയരാൻ സാധിക്കുന്നില്ല. അതുകൊണ്ട് നൈസർഗ്ഗിക പ്രവണതയിൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്ന സ്വാഭാവികമതത്തിന് ദൈവിക ജ്ഞാനത്തിന്റെ ഉന്നതശ്രേണിയിലെത്താൻ കഴിയുന്നില്ല. എന്നാൽ ആവിഷ്കൃതമതത്തിൽ ദൈവം മനുഷ്യനിലേക്ക് ഇറങ്ങിവന്ന് അവന്റെ ബലഹീനതയെ ശക്തിപ്പെടുത്തി. അങ്ങനെ അധഃപതിച്ച മനുഷ്യപ്രകൃതിക്ക് സ്വയമേ കടന്നുചെല്ലാൻ കഴിയുന്നതിനുപ്പുറത്തേക്ക് ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി. ഇതാണ് ആവിഷ്കൃതമതത്തിൽ കാണുന്നത്.

*താൻ ദൈവത്തിലേക്കുള്ള വഴി കാണിച്ചുതരാമെന്ന് ഈശോ പറഞ്ഞിട്ടില്ല പ്രത്യുത, താൻ വഴിയും സത്യവും ജീവനുമാണെന്ന് അവിടുന്ന് പ്രഖ്യാപിച്ചു.*


മനുഷ്യനോടുള്ള സ്നേഹത്തെപ്രതി ദൈവം ഘട്ടംഘട്ടമായി സത്യങ്ങളും രഹസ്യങ്ങളും അവന് വെളിപ്പെടുത്തിക്കൊടുക്കുന്നു. ഇതിന് ആരംഭം കുറിക്കുന്നത് അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പോടെയാണ്. മനുഷ്യർക്ക് ആവശ്യമായ ദൈവികവെളിപാട് പൂർണ്ണമായി സ്വീകരിച്ചിട്ടുള്ള ക്രിസ്തുമതത്തിന് വഴിയൊരുക്കുന്ന ദൈവികപരിപാലനയുടെ ഭാഗമായ യഹൂദമതത്തിന് തുടക്കം കുറിച്ച സംഭവമാണിത്. മിശിഹായിൽ പൂർത്തീകരിക്കപ്പെടുന്നതും മനുഷ്യനുവേണ്ടിയുള്ളതുമായ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആദ്യഭാഗമാണ് യഹൂദമതം. എന്നാൽ ദൈവികവെളിപ്പെടുത്തലിന്റെ പൂർണ്ണത യഹൂദമതത്തിനില്ല. തന്റെ ഏകജാതനെ നല്കിക്കൊണ്ട് മനുഷ്യനെ രക്ഷിക്കുവാൻ യഹൂദമതത്തിലൂടെ അവിടുന്ന് വഴിയൊരുക്കുകയായിരുന്നു. പഴയനിയമം മുഴുവൻ, വരാനിരിക്കുന്ന ഈ രക്ഷകനെ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്നതിന്റെ ചരിത്രമാണ്. നൂറ്റാണ്ടുകളോളമുള്ള കാത്തിരിപ്പിനുശേഷം കാലത്തിന്റെ പൂർത്തിയിൽ മിശിഹാ പിറന്നു.

താൻ ദൈവത്തിലേക്കുള്ള വഴി കാണിച്ചുതരാമെന്ന് ഈശോ പറഞ്ഞിട്ടില്ല പ്രത്യുത, താൻ വഴിയും സത്യവും ജീവനുമാണെന്ന് അവിടുന്ന് പ്രഖ്യാപിച്ചു. പഴയനിയമസംഹിതകൾ തിരുത്തി അധികാരപൂർവ്വം പഠിപ്പിക്കുകയും അതുവരെ ആരും കേട്ടിട്ടില്ലാത്ത ആദർശങ്ങൾ ഉപദേശിച്ച് ഗലീലിയാ മുഴുവൻ ചുറ്റിസഞ്ചരിച്ച്, തന്റെ മൂല്യങ്ങൾക്കുവേണ്ടി അവിടുന്ന് ജീവിതവും ജീവനും ഹോമിച്ചു. മനുഷ്യചരിത്രം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ വ്യക്തിത്വത്തിന്റെ ഉടമയായാണ് മിശിഹാ ഈ മണ്ണിലേക്ക് ഇറങ്ങിവന്നത്. അവിടുത്തെ പഠനങ്ങൾ അതുല്യവും ഉദാത്തവുമാണ്. അവിടുത്തെ വ്യക്തിത്വം അലൗകികവും അനുപമവുമാണ്. ആ മിശിഹായാൽ പണിയപ്പെട്ടിട്ടുള്ള ക്രൈസ്തവസഭ അതുകൊണ്ടുതന്നെ അമൂല്യമാണ്. അതുകൊണ്ട് ഒരു സ്വാഭാവികമതവുമായും ക്രിസ്തുമതത്തെയും തിരുസ്സഭയെയും തുലനം ചെയ്യാൻ കഴിയുകയില്ല. ചുരുക്കത്തിൽ സ്വാഭാവികമതങ്ങളെപ്പോലെ ക്രിസ്തുമതം ദൈവത്തെ തേടിയുള്ള ഒരു പ്രയാണമല്ല. മറിച്ച്, ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുകയും സന്ദർശിക്കപ്പെടുകയും ദൈവത്തിൽനിന്നും അമൂല്യരഹസ്യങ്ങൾ സ്വീകരിക്കുകയും ലോകത്തെ മുഴുവൻ പവിത്രീകരിക്കാൻ ദൈവത്തിൽനിന്നും പ്രേഷിതദൗത്യം ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളവരുടെ ഒരു കൂട്ടായ്മയാണ്.

അതുകൊണ്ട് ക്രൈസ്തവസഭയെയും വിശ്വാസത്തെയും സ്വാഭാവികമതങ്ങളോടും അവയുടെ വിശ്വാസങ്ങളോടും തുലനം ചെയ്യുക യുക്തിസഹമല്ല. ഒരു ആവിഷ്കൃതമതമായ ക്രൈസ്തവസഭയ്ക്കും അതിന്റെ അടിത്തറയായ മിശിഹായ്ക്കും അതുല്യതയുണ്ട്.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

# വാതിൽ



YEAR OF FAITH 2012 2013

വിശ്വാസത്തിന്റെ വാതിലിലേക്ക് മാമ്മോദീസായിലൂടെ നാം പ്രവേശിക്കുന്നു എന്ന് പരി. പിതാവ് ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ പറയുന്നു *(വിശ്വാസത്തിന്റെ വാതിൽ 1)*. അതെ, വിശ്വാസമാകുന്ന വാതിലിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു. അകത്തുകടന്ന നാം തീർത്ഥാടകസഭയോടുചേർന്ന് മുന്നോട്ടു നീങ്ങുന്നു. ഒടുവിൽ നാമെല്ലാവരും നീതിയുടെ വാതിലിനു മുമ്പിൽ എത്തും.

പരി. കുർബാനയിൽ വിഭജന ശുശ്രൂഷയുടെ സമയത്ത് 'നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ' എന്ന് നാം എന്നും പ്രാർത്ഥിക്കാറുണ്ട്. നീതിയുടെ വാതിലിനുമുമ്പിൽ നില്ക്കുമ്പോഴാണ് നമ്മുടെ വിശ്വാസം അഗ്നിയിൽ പരീക്ഷിക്കപ്പെടുക. അപ്പോഴാണ് നമ്മുടെ പണി വെളിപ്പെടുന്നത്. വൈക്കോലോ, പുല്ലോ, തടിയോ കൊണ്ടുള്ള പണികൾ അഗ്നിയിൽ ദഹിച്ചുപോകും. സ്വർണ്ണംകൊണ്ടുള്ള പണി മാത്രമേ നിലനില്ക്കൂ. നീതിയുടെ വാതിൽ തുറന്നു കിട്ടിയെങ്കിലേ സ്വർഗ്ഗീയ വാതിൽ കാണാനും അതിൽ പ്രവേശിക്കാനും നമുക്കു കഴിയൂ.

നീതിയുടെ വാതിലിനുമുമ്പിൽ നിൽക്കുമ്പോൾ പരി. മറിയത്തിന്റെ സഹായം നമുക്ക് ആവശ്യമായി വരും. അതിനാൽ സഭയോടൊത്തുള്ള തീർത്ഥാടനത്തിൽ പരി. അമ്മയുടെ കരങ്ങളിൽ മുറുകെ പിടിക്കാം. ഇന്ന് ആ കരങ്ങളിൽ പിടിച്ചു നടന്നു പരിശീലിച്ചാലേ അന്ന് ആ കരങ്ങൾ തിരിച്ചറിയാൻ നമുക്കു സാധിക്കൂ.... വിശ്വാസമാകുന്ന സ്വർണ്ണംകൊണ്ട് നമുക്കു പണിയാം. അങ്ങനെ നിത്യതയുടെ വാതിൽ നമുക്കായി തുറന്നുകിട്ടാൻ ഈ വിശ്വാസവർഷത്തിൽ പരിശ്രമിക്കാം. തുറക്കാത്ത വാതിനുമുമ്പിൽ കാത്തുനില്ക്കാൻ നമുക്കാർക്കും ഇടവരാതിരിക്കട്ടെ!

**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പ്രതീക്ഷയുടെ പൂമൊട്ടുകൾ



# അവരെ ഇറക്കിവിടരുത്

**ഫാ. സിറിയക് കോട്ടയിൽ**
ഫാമിലി അപ്പോസ്തലേറ്റ്, ചങ്ങനാശ്ശേരി


അന്നമ്മ കാരുണ്യനിലയത്തിലും ഔസേപ്പച്ചൻ വൃദ്ധസദനത്തിലുമാണ്. രണ്ടുപേരേയും ഒരിടത്തുതന്നെ താമസിപ്പിക്കാനാണ് മക്കൾ ആഗ്രഹിച്ചതെങ്കിലും അത്തരമൊരു സ്ഥാപനം അവരുടെ അന്വേഷണത്തിൽ അവർക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. അങ്ങനെയാണ് മക്കളുടെ നിർബന്ധപ്രകാരം അവരിരുവരും ഇരുവഴിക്കായത്, ഇരുസ്ഥാപനങ്ങളിലായത്. അയാൾ വലിയൊരു പ്ലാന്ററായിരുന്നു. നാട്ടിൽനിന്ന് മലബാറിലേക്ക് കുടിയേറിയത് മൂത്തമകൻ വാവച്ചന് പത്തുവയസ്സുള്ളപ്പോഴാണ്. ഔസേപ്പച്ചൻ-അന്നമ്മ ദമ്പതികൾക്ക് മക്കൾ നാലാണ്, രണ്ടു പെണ്ണും രണ്ടാണും. പെൺകുട്ടികളെ ഇരുവരെയും വിവാഹം ചെയ്ത് അയച്ചതിനുശേഷമാണ് മക്കളായ വാവച്ചനും അനുജൻ ജോണപ്പനും കെട്ടിയത്. കുടുംബകാര്യങ്ങളൊക്കെ ഔസേപ്പച്ചന്റെ നിയന്ത്രണത്തിലായിരുന്ന കാലംവരെ ഏതു കാര്യത്തിലും അയാളായിരുന്നു ആ കുടുംബത്തിലെ അവസാന വാക്ക്. അയാൾക്കും അന്നമ്മക്കും ആരോഗ്യം ക്ഷയിച്ചതോടെ വീട്ടുകാര്യങ്ങളൊക്കെ മക്കളുടെയും മരുമക്കളുടെയും നിയന്ത്രണത്തിലായി. ഭരണം മാറിയ ആദ്യകാലത്തൊക്കെ അവരിരുവർക്കും കുടുംബത്തിൽ കുടുംബനാഥന്റെയും കുടുംബനാഥയുടെയും സ്ഥാനം നല്കുന്നതിൽ മക്കളും മരുമക്കളും ശ്രദ്ധിച്ചിരുന്നു. എന്നാൽ സാവധാനം അക്കാര്യത്തിൽ ചില്ലറ മാറ്റങ്ങൾ വരാൻ തുടങ്ങി. അധികാരത്തിന്റെ ആയുധങ്ങൾ മരുമക്കൾ കയ്യടക്കി. അവരിരുവരും ചേർന്ന് പതുക്കെ അമ്മായിയപ്പനെയും അമ്മായിയമ്മയെയും കുടുംബത്തിനു പുറത്താക്കാനുള്ള കരുക്കൾ നീക്കി. അവരുടെ ഭർത്താക്കന്മാരിരുവരും

അക്കാര്യത്തിന് തടസ്സവും നിന്നില്ല. തങ്ങളുടെ മക്കളെ അനാവശ്യമായി അപ്പനും അമ്മയും ശകാരിക്കുന്നെന്നും ശിക്ഷിക്കുന്നെന്നും പറഞ്ഞാണ് ഇരുവർക്കുമായി കൊച്ചുമക്കളുടെ സാന്നിദ്ധ്യമില്ലാത്ത വൃദ്ധസങ്കേതങ്ങൾ അവർ തരപ്പെടുത്തിയത്. നല്ലൊരു തുക രണ്ടു സ്ഥാപനങ്ങളിലും അതിനായി അവർ കൊടുക്കേണ്ടിയും വന്നു. അപ്പനമ്മമാരെ സ്നേഹിക്കാൻ ഇത്രയുമൊക്കെ ചെയ്താൽപ്പോരെ!

പഴയ വസ്തുക്കളും പഴയ വസ്ത്രങ്ങളും മറ്റും ഉപേക്ഷിച്ചുകളയുന്ന ലാഘവത്തോടെ കുടുംബത്തിൽ ജീവനു വഴിതെളിച്ച മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ ഉപേക്ഷിച്ചുകളയാനാവുമോ? ജീവനെ വഹിക്കുന്ന ശരീരം പഴകിയാലും ജീവന്റെ മൂല്യത്തെ വിസ്മരിക്കാനോ പിൻതള്ളാനോ ആവുമോ?

തലമുറകളിലേക്ക് ദൈവാനുഗ്രഹങ്ങൾ ഒഴുകിയിറങ്ങുന്നതിന് മുഖ്യമാണ് ജന്മം നല്കിയ മാതാപിതാക്കളെ പൊന്നുപോലെ നോക്കുകയും കാക്കുകയും ചെയ്യുകയെന്നത്. അവരിലൂടെയാണ് ദൈവം തന്റെ സ്നേഹം മക്കളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ നൽകിയതെന്നുള്ള കാര്യം മക്കൾ ഒരിക്കലും വിസ്മരിക്കരുത്. മക്കളെ നോക്കാൻ ഏറെ ബുദ്ധിമുട്ടുണ്ടായിരുന്ന അവരുടെ ശൈശവ ബാല്യകാലങ്ങളിൽ തങ്ങളുടെ സുഖത്തിനും ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുംവേണ്ടി മാതാപിതാക്കൾ അവരെ ഏതെങ്കിലും സ്ഥാപനങ്ങളിൽ കൊണ്ടാക്കുകയായിരുന്നോ? മക്കൾക്ക് ശൈശവബാല്യകാലങ്ങളിൽ മാതാപിതാക്കൾ നല്കിയ കരുതലും തലോടലും സ്നേഹവും അവർ തങ്ങളുടെ മാതാപിതാക്കൾക്ക് അവരുടെ വാർദ്ധക്യകാലത്ത് തിരിച്ചുനല്കേണ്ടതാണ്. ദൈവാനുഗ്രഹങ്ങൾ അവരിലേക്കും അവരുടെ മക്കളിലേക്കും വന്നെത്താനുള്ള വഴിയാണതെന്നുള്ള കാര്യം ഒരിക്കലും അവർ മറന്നുകൂടാ. ദൈവത്തെ മറക്കുന്നതിനു തുല്യമാണ് ജന്മം നല്കി വളർത്തിയ മാതാപിതാക്കളെ മറക്കുന്നത് എന്ന് മക്കൾ അറിയുക.

പഴയ വസ്തുക്കളും പഴയ വസ്ത്രങ്ങളും മറ്റും ഉപേക്ഷിച്ചുകളയുന്ന ലാഘവത്തോടെ കുടുംബത്തിൽ ജീവന് വഴിതെളിച്ച മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ ഉപേക്ഷിച്ചുകളയാനാവുമോ? ജീവനെ വഹിക്കുന്ന ശരീരം പഴകിയാലും ജീവന്റെ മൂല്യത്തെ വിസ്മരിക്കാനോ പിൻതള്ളാനോ ആവുമോ?





# വിശ്വാസവെല്ലുവിളിയും വിശ്വാസവർഷാചരണവും

സുജ ചോതിരക്കുന്നേൽ

പുരോഗതിയിൽനിന്നും പുരോഗതിയിലേക്ക് കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ ആധുനികയുഗം ഭൗതികമായും ശാസ്ത്രീയമായും സാമ്പത്തികമായും മുന്നേറിക്കൊണ്ടിരിക്കുന്നു. വളർച്ചയുടെ വിസ്ഫോടനങ്ങളിലൂടെ കടന്നുപോകുന്ന ഇന്നിന്റെ സമൂഹം ആത്മീയവും ആദ്ധ്യാത്മികവുമായ വളർച്ചയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു അവസ്ഥയിലെത്തിയിരിക്കുന്ന സ്ഥിതിവിശേഷവും വർദ്ധിച്ചുവരുന്ന വർഗ്ഗീയതയും രാഷ്ട്രീയവൽക്കരണവും വിശ്വാസജീവിതത്തിന് പ്രതിബന്ധങ്ങളാകുന്നു. കാര്യസാധ്യതയ്ക്കും ഭൗതികനേട്ടങ്ങൾക്കുമായി ആദ്ധ്യാത്മികതയെ വാണിജ്യവൽക്കരിക്കുവാൻ സാധിക്കുംവിധം മനുഷ്യന്റെ മനസ്സിന് സാരമായ കേടുപാടുകൾ സംഭവിച്ചിരിക്കുന്നു. നല്ല വിശ്വാസമുള്ളവരും പരമ്പരാഗതമായി അതു കാത്തു സൂക്ഷിച്ചിരുന്നവരും കേവലം ഉപരിപ്ലവവും യുക്തിരഹിതവുമായ ആശയങ്ങളുടെ പിന്നാലെ പോകുന്ന ദയനീയചിത്രങ്ങളാണ് നമുക്കു ചുറ്റിലും. വി. ഗ്രന്ഥത്തിനോ മതമൂല്യങ്ങൾക്കോ വിശ്വാസപാരമ്പര്യങ്ങൾക്കോ യാതൊരു വിലയും കല്പിക്കാതെ വിശ്വാസസമൂഹത്തെ അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും നയിക്കുന്ന പ്രബോധനങ്ങളുമായി കടന്നുവരുന്ന വ്യാജപ്രവാചകന്മാരുടെ എണ്ണം ഇന്നു വളരെയധികം വർദ്ധിച്ചു വരുന്നു. ഇങ്ങനെയുള്ള കാലഘട്ടത്തിൽ വിശ്വാസം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചിന്തിക്കേണ്ടതിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവ്വത്രിക സഭ വിശ്വാസവർഷാചരണമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതു സംബന്ധിച്ചുള്ള പരിശുദ്ധ പിതാവിന്റെ ശ്ലൈഹികലേഖനമാണ് 'വിശ്വാസത്തിന്റെ വാതിൽ' (Porta Fidei) എന്ന പേരിൽ പ്രസി

ഢീകരിച്ചിരിക്കുന്നത്. നാം ജീവിക്കുന്ന ആധുനികലോകം മുന്നോട്ടുവയ്ക്കുന്ന വെല്ലുവിളികൾക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് വിശ്വാസജീവിതം നയിക്കുവാനും വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാനുമുള്ള ഒരു ആഹ്വാനമാണ് 'വിശ്വാസത്തിന്റെ വാതിൽ' എന്ന അപ്പസ്തോലിക ലേഖനം നമുക്കു മുൻപിൽ തുറന്നു വയ്ക്കുക. ഉറച്ച ബോധ്യത്തോടും ധൈര്യത്തോടും പ്രത്യാശയോടുംകൂടെ വിശ്വാസം പൂർണ്ണമായി ഏറ്റുപറയുവാൻ ഓരോ വിശ്വാസിയേയും ഒരുക്കുവാനാണ് വിശ്വാസവർഷം നാം ആചരിക്കുന്നത്. ലോകം മുഴുവൻ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ട് സമൂഹത്തെ നവജീവനിലേക്കും നന്മയിലേക്കും നയിക്കുന്ന സഭയുടെ പ്രവർത്തനങ്ങളിൽ നമ്മുടെ പങ്ക് ഈ വിശ്വാസവർഷാചരണത്തിൽ പ്രസക്തമാണ്. അതോടൊപ്പം വിശ്വാസം പരിപോഷിപ്പിക്കുവാനും പ്രഖ്യാപിക്കുവാനുമുള്ള ഒരു അവസരമായി വിശ്വാസവർഷത്തെ കാണുവാൻ നമുക്കു സാധിക്കണം.

വി. ഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യത്തിലൂടെയും കത്തോലിക്കാസഭ നൂറ്റാണ്ടുകളായി സത്യവിശ്വാസം അപ്പസ്തോലന്മാരിലൂടെയും, അവരുടെ പിൻഗാമികളിലൂടെയും അഭംഗുരം കാത്തുസൂക്ഷിക്കുന്നു. വിശ്വാസവഴികളിൽ നിന്നുള്ള വ്യതിചലിക്കാൽ ചരിത്രത്തിന്റെ എല്ലാ കാലങ്ങളിലും ഉണ്ടായിട്ടുണ്ട്. എന്നാൽ സഭ ഓരോ ഘട്ടങ്ങളിലും ശക്തമായ ഇടപെടലിലൂടെ സത്യവിശ്വാസം കാത്തുസൂക്ഷിച്ചു. ലോകത്തിന്റെ മർദ്ദനങ്ങളും ദൈവത്തിന്റെ സാന്ത്വനങ്ങളും അനുഭവിക്കുന്ന സഭ തീർത്ഥാടകയെപ്പോലെ മിശിഹായുടെ കുരിശുമരണവും അവിടുത്തെ പുനരാഗമനവും പ്രഖ്യാപനം ചെയ്തുകൊണ്ട് മുന്നോട്ടു നീങ്ങുകയാണ്.



വിശ്വാസം മാമ്മോദീസായിലൂടെ ദൈവം നമുക്കു നല്കിയ സൗജന്യദാനമാണ്. ഇത് കാത്തുസൂക്ഷിക്കേണ്ടതും പോഷിപ്പിക്കേണ്ടതും പരീക്ഷിക്കാൻ വിട്ടുകൊടുക്കേണ്ടതും ദിനംതോറും നമ്മിൽ ശുദ്ധീകരണം നടക്കേണ്ടതുമാണ്. വി. പൗലോസ് 'വിശ്വാസത്തിൽ ഉന്നം വയ്ക്കുവാൻ 'ശിഷ്യനായ തിമോത്തിയോസിനോട് ആവശ്യപ്പെടുന്നു. വിശ്വാസത്തിൽ നമുക്കാർക്കും മാന്ദ്യമുണ്ടാകാതിരിക്കത്തക്കവിധം ഈ ക്ഷണം നാമോരുത്തരുടേയും നേർക്കുള്ളതായി നാം കേൾക്കണം. വിശ്വാസജീവിതത്തിൽ അനിവാര്യമായ സൂക്ഷ്മതയും, ജാഗ്രതയും വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ വ്യക്തമാണ്.

''ജനങ്ങൾ ഉത്തമമായ പ്രബോധനങ്ങൾക്ക് സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ അവർ തങ്ങളുടെ അഭിരുചിക്കു ചേർന്ന പ്രബോധകരെ വിളിച്ചുകൂട്ടും. അവർ സത്യത്തിനു നേരെ ചെവിയടച്ച് കെട്ടുകഥകളിലേക്കു ശ്രദ്ധതിരിക്കും" (2 തിമോ 4,3-4). വീണ്ടും പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: "എന്തെന്നാൽ വിധേയത്വമില്ലാത്ത വരും, അർത്ഥശൂന്യമായി സംസാരിക്കുന്നവരും, വഞ്ചകരുമായ ഒട്ടേറെ ആളുകൾ

അവിടെയുണ്ട്. അവരെ നിശബ്ദരാക്കേണ്ടിയിരിക്കുന്നു. നീചമായ ലാഭത്തെ ഉന്നം വച്ചുകൊണ്ട് പഠിപ്പിക്കാൻ പാടില്ലാത്ത കാര്യങ്ങൾ പഠിപ്പിക്കുന്നതു മുഖേന കുടുംബങ്ങളെ ഒന്നാകെ അവർ തകിടം മറിക്കും" (തിമോ 1,10-11).

വിശ്വാസത്തിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്ന പല പ്രസ്ഥാനങ്ങളുടെയും വളർച്ച ഇന്ന് വളരെ ശക്തമാണ്. മനുഷ്യമനസ്സിലുള്ള ആത്മീയ ചിന്തയെ മുതലെടുക്കുവാൻ വിദഗ്ധമായ ശ്രമങ്ങൾ ഒറ്റയ്ക്കും, സംഘാതമായും നടന്നുവരുന്നു. ഉദാഹരണമായി എംപറർ, എമ്മാനുവേൽ ട്രസ്റ്റ്, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേക സഭ, കവനന്റ് പീപ്പിൾ, സ്വർഗ്ഗീയ വിരുന്ന് എന്നിവ കത്തോലിക്കാ വിശ്വാസത്തിൽ നിന്നും വിശ്വാസികളെ അടർത്തിയെടുക്കുവാൻ നന്നായി അദ്ധ്വാനിക്കുന്നു. വളരെ ജാഗ്രതയോടെ മാത്രം കാണേണ്ട വിഭാഗങ്ങളാണിവ. ഇവരുടെ പ്രബോധനങ്ങൾ വികലവും വിഡ്ഢിത്തവുമാണ്. സാമ്പത്തിക പ്രശ്നങ്ങളിൽ ഉൾപ്പെട്ടവരെയും ജീവിതക്ലേശങ്ങളിൽ പെട്ട വരെയും ആകർഷിക്കുവാനുള്ള വിദ്യകൾ എല്ലാം ഇവർ നന്നായി ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെയുള്ള ഈ കാലഘട്ടത്തിൽ പുതിയ ബോധ്യത്തോടെ, ആത്മധൈര്യത്തോടെ, പ്രത്യാശയോടുകൂടി വിശ്വാസം പൂർണ്ണമായി ഏറ്റുപറയുവാൻ ഓരോ വിശ്വാസിയും തയ്യാറാകണമെന്ന് മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നു.

വിശ്വാസജീവിതം ഒരു പോരാട്ടമാണ്. പരീക്ഷകൾ മൂലം ക്ലേശിക്കേണ്ടിവന്നാലും അവയെ അതിജീവിക്കുന്ന വിശ്വാസം കൈവരിക്കുവാൻ പത്രോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസത്തിന്റെ ഉള്ളടക്കം കണ്ടെത്തേണ്ടതും, അതേക്കുറിച്ച് ചിന്തിക്കേണ്ടതും ഓരോ വിശ്വാസിയുടെയും കടമയാണെന്ന് മാർപാപ്പാ ഊന്നിപറയുന്നു. അതുപോലെ വിശ്വാസികൾക്ക് തങ്ങളുടെ ജീവിതസാക്ഷ്യത്തിലൂടെ സഭയുടെ നവീകരണം നിർവ്വഹിക്കുവാനുള്ള ഒരു അവസരംകൂടിയാണ് വിശ്വാസവർഷത്തിന് സഭ നല്കുന്നതെന്നു മർപാപ്പാ വ്യക്തമാക്കുന്നു.

മിശിഹായോടുള്ള സ്നേഹമാണ് വിശ്വാസവർഷത്തിൽ യാത്രചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്. ഈ വർഷത്തിൽ സ്നേഹവും, വിശ്വാസവും ആഴപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മാർപാപ്പാ പഠിപ്പിക്കുന്നു. വിശ്വാസം സ്നേഹത്തിന്റെ അനുഭവമായി മാറണം. വിശ്വാസംമൂലമാണ് പരിശുദ്ധ അമ്മയും അപ്പസ്തോലന്മാരും, വിശുദ്ധരും, രക്തസാക്ഷികളും, സുവിശേഷസാക്ഷികളായി ജീവിച്ചത്. വിശ്വാസത്തിന്റെ പാതയിൽ ചരിക്കുന്ന നമുക്ക് നമ്മുടെ വിളിക്കും ജീവിത സാക്ഷ്യങ്ങൾക്കും അനുസ്യൂതമായി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാം. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ധീര രക്തസാക്ഷികൾ നമ്മുടെ വിശ്വാസജീവിതത്തിന് എന്നും മാതൃകയാവട്ടെ.

പരി. പിതാവിന്റെ ആഹ്വാനമനുസരിച്ച് സാർവ്വത്രിക സഭയോട് ചേർന്ന് ഈ വിശ്വാസവർഷം നമുക്കും ആചരിക്കാം. വിശ്വാസത്തെക്കുറിച്ച് കൃത്യമായി അറിയുവാനും ആത്മാർത്ഥതയോടെ അത് ഏറ്റുപറയുവാനും നമുക്കു പരിശ്രമിക്കാം. മുതിർന്നവർ കുടുംബങ്ങളിൽ വിശ്വാസപരിശീലകരാവണം. പുതിയ തലമുറയ്ക്കു വേണ്ട വിശ്വാസം പകർന്നുകൊടുക്കുക, അങ്ങനെ ഈ ആധുനികലോകം നമുക്കു മുൻപിൽ വയ്ക്കുന്ന വിശ്വാസത്തിന്റെ വെല്ലുവിളികൾക്ക് മുൻപിൽ ശക്തമായ നിലപാട് സ്വീകരിക്കാം. ഈ വിശ്വാസവർഷം കൂടുതൽ ആത്മധൈര്യത്തോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ നമുക്കും പ്രചോദനം നല്കട്ടെ.

**വിശ്വാസത്തിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുന്ന പല പ്രസ്ഥാനങ്ങളുടെയും വളർച്ച ഇന്ന് വളരെ ശക്തമാണ്. മനുഷ്യമനസ്സിലുള്ള ആത്മീയ ചിന്തയെ മുതലെടുക്കുവാൻ വിദഗ്ധമായ ശ്രമങ്ങൾ ഒറ്റയ്ക്കും, സംഘാതമായും നടന്നുവരുന്നു.**




# The Phenomenon of Declining Church Attendance among Youth

**Fr. Abraham Tharmassery**
Youth Director Changanacherry

Today more than ever, youth constitute an ever increasing percentage of the world population, and in India as nearly 40% of the Indian population is below 35 years. In India vast majority of youth find in the clutches of poverty, illiteracy, injustice, unemployment, marginalization and oppression.They encounter brutal competition and corruption which leads them to a crisis of values. They are subjected to the impact of Mass Media, the young dream of a better future, while becoming a prey to an increasingly consumerist and materialistic society in which "Having More" is more central and important than "Being More." As *Gaudium et Spes* says: Today the human race is passing through a new stage in its history. We have been witnessing rapid changes in our society and in the world giving rise to a new social and cultural transformation which often bring along with it repercussion on the value systems and religious and spiritual life of the individuals ( GS 4). From the Church doctrine it is clear that today youth is living in such a situation where they have to face a lot of challenges and they should be guided by a divine force or something that which helps them to cope with the challenges in this modern world.

## Youth and Religion

There is a common impression that "young people today care neither for God nor for religion." Too often such comments are made without backing of any data. The empirical analysis shows that there is a slight increase in the religious faith in the youth and at the same time we can see a large number of youth still not in a religious circle. We shall have a glimpse on why youth believe and the reasons why youth do not believe in religious faith.

## Religion positive for Youth

Youth find religion meaningful or relevant because it touches their day- to-day life. In the religion youth find the solution to their existential problems, the satisfaction of their inner yearning. For the youth, the religion enlightens on the things they are confused about, they find the answers to their doubts and uncertainties in



പ്രതീക്ഷയുടെ പൂമൊട്ടുകൾ



# 'നീ എന്നെ സ്നേഹിക്കുന്നുവോ?'

ഒന്നുമാത്രം പറയേണ്ടു ഞാൻ
ഒരിക്കലല്ലെന്നാളുമതുമാത്രം ചോദിപ്പൂ നീയും.
ഒടുക്കമീതാളിൽ മാത്രമായിടാതെ
ഒരു മിന്നാമിനുങ്ങുപോലെങ്കിലും ചലിച്ചീടണം.

മിന്നിപ്പൊലിഞ്ഞില്ലാതാകുമെങ്കിലും....
മടുക്കാതെ ചൊരിയേണം 'വെട്ടം'.
മാനസത്തിൻ കിളിവാതിലിലൂടെന്നും
മിഴി തുറന്നീടണമവനായ് മാത്രം.

മരിക്കുവോളമവനെ ധ്യാനിച്ചീടുകിലോ
മനം തുറന്നവനെന്നെയുൾക്കൊള്ളും.
പിന്നെയീ ഞാനുമവനുമൊന്നാകും...
പരത്തിൽ മൃത്യുവിനപ്പുറവും.

**Julie**
Vanniamparampil
Apostolic Oblates

religion. Religion gives them strength when they are despair, it gives them peace of mind when they are in trouble, it helps them to avoid bad life, religion gives peace of heart and soul, it gives hope and courage, it assures that there is hope in life even when all else fails. The noble ideas presented by religion are an inspiration to youth to go beyond selfish desires and sinful impulses. Religion offers them a firm and moral foot hold, showing them what is right and wrong. When the youth go astray religion helps them to get back to the right path and offer them the means to obtain forgiveness of sin. Religion modifies behavior pattern and acts as a guide and peacemaker, and comforts us in times of sorrow and difficulty. The model of religious men and women who have attained heights of holiness inspires youth to emulate them and lead righteous lives. Many young people feel that religion has made them more kind and generous. We find a slight increase in religious faith due to these reasons.

## വിശുദ്ധരോടൊപ്പം



# ഭൂമിതന്നുപ്പായ്.... ലോകത്തിൽ പ്രകാശമായ്.... വി. ഫാ. ഡാമിയൻ

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**

ആ ഭവനത്തെപ്പറ്റി സമീപവാസികൾ പറയുന്നതു കേട്ടപ്പോൾ അത്ഭുതാനന്ദാദരവോടെയാണ് ശ്രവിച്ചത്. സ്ഥലം ഡി.വൈ.എസ്പി.യുടെ ഭവനമാണ്. 5.00 മണിയാകുമ്പോൾ അപ്പനും അമ്മയും നാലുമക്കളും ഒരുമിച്ചുചേർന്ന് സപ്രാനമസ്കാരം ചൊല്ലും. വൈകുന്നേരം 7.30 ആകുമ്പോൾ ആ ഭവനത്തിൽ നിന്നും ഉയരുന്ന റംശാ നമസ്കാരത്തിന്റെ ഭക്തിസാന്ദ്രമായ അലയടികൾ ആ സമീപത്തെങ്ങും മുഴങ്ങിനിൽക്കും. എല്ലാ ഭവനങ്ങളിലും പ്രധാന സ്ഥാനം അലങ്കരിക്കുന്ന "ബഹുമാന്യനായ ടി.വി.യെ" ഈ ഭവനത്തിൽനിന്നും ആട്ടിപ്പുറത്താക്കിയിരിക്കുകയാണ്. സാധ്യമാകുന്ന ദിവസങ്ങളിലെല്ലാം ആ ഭവനം ഇടവക ദൈവാലയത്തിൽ നടന്നുപോയി ബലിയർപ്പിക്കുന്നത് അയൽക്കാരെയൊക്കെ അത്ഭുതപരതന്ത്രരാക്കാറുണ്ട് (കാറുണ്ടായിട്ടും ഇവർക്കെന്താ വല്ല കുഴപ്പവുമുണ്ടോ നടന്നുപോകാൻ എന്നാണവരുടെ ചിന്ത). സൺഡേ സ്കൂൾ പഠനത്തിന് നാല് മക്കളും മുൻനിരയിലാണ്. അതിനാൽതന്നെ പഠനപാഠ്യേതരവിഷയങ്ങളിൽ ഇവർ ബഹുമിടുക്കർ... മൂത്തമകൻ മത്തായിച്ചന് ഫസ്റ്റ് ചാൻസിൽ തന്നെ മെഡിസന് അഡ്മിഷൻ ലഭിച്ചു. അയൽക്കാരൊക്കെ അസൂയയോടെ വീക്ഷിക്കുന്ന ആ ഭവനത്തിലേക്ക് ഭവനസന്ദർശനത്തിനായി ചെന്നപ്പോൾ കേട്ടറിഞ്ഞതൊക്കെ കണ്ടറിയുണ്ടായി, ആദ്യം പ്രവേശിച്ചത് പ്രാർത്ഥനാമുറിയിലേക്കായിരുന്നു. ദൈവാലയത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന ആത്മീയാന്തരീക്ഷം മുറികളിലാകെ പടർന്നിരുന്നു. എല്ലാവരും വീട്ടിലുണ്ടായിരുന്നു. സിസ്റ്റേഴ്സിനെ കണ്ടപാടെ അപ്പനും അമ്മയും മക്കളും എഴുന്നേറ്റു നിന്നു സ്തുതി ചൊല്ലി "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ". ഒരുപാടു നാളുകൂടി നിറഞ്ഞ മനസ്സോടെ തിരിച്ചുചൊല്ലി "എപ്പോഴും സ്തുതിയായിരിക്കട്ടെ". സ്വീകരണ മുറിയിലേക്ക് സന്തോഷത്തോടെ ഞങ്ങളെ ആനയിച്ചപ്പോൾ ടീപ്പോയിൽ കിടന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ എന്നെ വല്ലാതെ വിസ്മയിപ്പിച്ചു. ആദരവോടെയാണ് ആ മാതാപിതാക്കളെ നോക്കിയത്. അതിലും എന്നെ അത്ഭുതപരതന്ത്രയാക്കിയത് പീഠത്തിൽ മനോഹരമായി അലങ്കരിച്ചുവച്ചിരിക്കുന്ന വചനഗ്രന്ഥവും അതോടു ചേർന്നിരിക്കുന്ന മറ്റൊരു ഗ്രന്ഥവുമാണ്. കൈയിലെടുത്തപ്പോൾ മനസ്സിലായി വിശുദ്ധരുടെ ജീവചരിത്രപുസ്തകമാണതെന്ന്. അത്യന്തം വിസ്മയത്തോടെ ആ ഡി. വൈ. എസ്.പിയുടെ മുഖത്തേക്ക് നോക്കിയപ്പോൾ അദ്ദേഹം പഞ്ഞു: "സിസ്റ്ററേ, റംശാനമസ്കാര

ത്തിനുശേഷം ഞങ്ങൾ ഒരുമിച്ചിരുന്ന് ഏതെങ്കിലും ഒരു വിശുദ്ധന്റെ, വിശുദ്ധയുടെ ജീവചരിത്രം വായിക്കും. എന്റെ കുഞ്ഞുങ്ങളുടെ മറ്റു സുഹൃത്തുക്കൾ ഇവരൊക്കെയാ സിസ്റ്ററേ... നമ്മുടെ ചുറ്റുമുള്ള കാര്യങ്ങളൊക്കെ കേൾക്കുമ്പോൾ എന്റെ കുഞ്ഞും അവരിലൊരാളായി വഴിതെറ്റാതിരിക്കുവാൻ ഞങ്ങളും രണ്ടുപേരും കൂടിയാ ഇങ്ങനെയൊരു വഴി കണ്ടുപിടിച്ചത്... ഈ വഴിയിലൂടെയാണ് ഞങ്ങളുടെ മക്കളിപ്പോൾ യാത്ര ചെയ്യു ന്നത്". അപ്പനിത്രയും പറഞ്ഞ് അമ്മയുടെ മുഖത്തേക്ക് നോക്കിയപ്പോൾ കൃതാർത്ഥതയുടെ മിന്നലാട്ടമാണ് ആ മുഖത്ത് ദർശിച്ചത്. അപ്പന്റെയും അമ്മയുടെയും ഞങ്ങളുടെയും സംഭാഷണം ഇത്രയുമായപ്പോൾ 6-ാം ക്ലാസ്സുകാരൻ ജോസഫുകുട്ടി വിശുദ്ധരുടെ ജീവചരിത്രമെടുത്തുകൊണ്ട് എന്റെ അടുത്തുവന്നിരുന്നു. അതിന്റെ താളുകൾ മറിച്ച് 92-ാമത്തെ പേജിലെത്തിയപ്പോൾ ആ കുഞ്ഞ് എന്നോടു പറഞ്ഞു: "സിസ്റ്ററാന്റി എനിക്കേറ്റവും ഇഷ്ടം ഈ വിശുദ്ധനെയാ. ഈ വിശുദ്ധനോടാ ഞാനെപ്പോഴും പ്രാർത്ഥിക്കുന്നത്. ആന്റിക്കറിയുമോ വി. ഡാമിയന്റെ ജീവചരിത്രം. ഞാൻ പറയട്ടെ.." എന്റെ മറുപടിക്കും അനുവാദത്തിനും കാത്തുനിൽക്കാതെ അവൻ വായിക്കുവാൻ തുടങ്ങി.



ബൽജിയം സ്വദേശിയായ ഫാദർ ഡാമിയൻ 1866-ൽ പൗരോഹിത്യം സ്വീകരിച്ചു. അദ്ദേഹം തന്റെ പൗരോഹിത്യത്തിലൂടെ ആരോരുമില്ലാത്ത കുഷ്ഠരോഗികളുടെ ജീവിതത്തിൽ ഉപ്പുപോലെ രുചിപകർന്ന, വീരോചിതമായ ജീവിതം നയിച്ച് വിശുദ്ധനായി!. ആരും പോകാനിഷ്ടപ്പെടാത്ത സ്ഥലത്തേക്ക് "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശയ്യാ 8:9) എന്ന് സധൈര്യം ഉദ്ഘോഷിച്ച യുവവൈദികൻ!! സ്വന്തമെന്ന് കരുതിയതെല്ലാം ഉപേക്ഷിച്ച് കുഷ്ഠരോഗികളെ സ്വന്തമായി സ്വീകരിച്ച ഫാദർ ഡാമിയൻ തന്റെ 33-ാമത്തെ വയസ്സിൽ 1873 മെയ് 10-ാം തീയതിയാണ് മൊളോക്കോ ദ്വീപിലെത്തിയത്.

മൊളോക്കോയിൽ അദ്ദേഹം കണ്ട കാഴ്ച ആരുടെയും കരളലിയിപ്പിക്കുന്നതായിരുന്നു. സർവ്വരാലും വെറുക്കപ്പെട്ട് ഉപേക്ഷിക്കപ്പെട്ട കുഷ്ഠരോഗികൾ. അവരുടെ ചീഞ്ഞുനാറുന്ന വ്രണങ്ങൾ വച്ചുകെട്ടാൻ അവിടെ ഡോക്ടർമാരോ നേഴ്സുമാരോ സാമൂഹികപ്രവർത്തകരോ ഇല്ലായിരുന്നു. ഭക്ഷണവും മരുന്നും കിട്ടാതെ പലരും മൃതപ്രായരായി. കുടിവെള്ളം കിട്ടാതെ പലരും മരണമടഞ്ഞു. വസ്ത്രങ്ങൾ ചീഞ്ഞു നാറി മലീമസമായി. 1973 വരെ അവിടെയെത്തിവരിൽ 401 പേരും താമസിയാതെ മരണമടഞ്ഞതായിട്ടാണ് കണക്ക്. താരതമ്യേന രോഗം കുറഞ്ഞവർ തങ്ങൾക്കിഷ്ടമുള്ളതുപോലെ ജീവിച്ചു. തിന്നും കുടിച്ചും മദ്യപിച്ചും പരസ്പരം കലഹിച്ചും സ്ത്രീകളെ പീഡിപ്പിച്ചും അവർ കഴിഞ്ഞുകൂടി. ശവശരീരങ്ങൾ മറവുചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നു!

ഫാദർ ഡാമിയന്റെ ഹൃദയം നൊന്തു. കുഷ്ഠരോഗികളെ സ്വന്തമായി സ്വീകരിക്കുവാൻ ആ പുരോഹിതന് മടിയില്ലായിരുന്നു. അവർക്കുവേണ്ടി അദ്ദേഹം അകലങ്ങളിൽ നിന്ന് വെള്ളം ചുമന്നുകൊണ്ടുവന്നു. അവരെ കുളിപ്പിച്ചു. ചീഞ്ഞുനാറിയ വ്രണങ്ങൾ സ്നേഹപൂർവ്വം കഴുകികെട്ടി. കൈകൾ പഴുത്തുപോയവർക്ക് ഭക്ഷണം വാരിക്കൊടുത്തു. ആർക്കും അറപ്പുതോന്നുന്ന അവരെ ആ അർപ്പിതൻ കരങ്ങളിലെടുത്തു കിടക്കയിൽ കിടത്തി. കുഷ്ഠരോഗികളിലൊരുവനായി കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്ന കുഷ്ഠരോഗിയല്ലാത്ത പുരോഹിതൻ!

കുഷ്ഠരോഗികൾ കുടിലിൽ വിശ്രമിക്കുമ്പോൾ മരച്ചുവട്ടിൽ അദ്ദേഹം രാത്രികാലം കഴിച്ചുകൂട്ടി. ഊണും ഉറക്കവും ഉപേക്ഷിച്ച് കൈയും മെയ്യും മറന്ന് തനിക്കു സ്വന്തമായവരെ അദ്ദേഹം ശുശ്രൂഷിച്ചു.

മദ്യപിച്ച്, തിന്നും കുടിച്ചും കലഹിച്ചും നടന്ന് തങ്ങളുടെ ജീവിതം നശിപ്പിക്കുന്നവരെ ജീവന്റെ മാർഗത്തിലേക്ക് കൊണ്ടുവരുവാൻ ആ മനുഷ്യസ്നേഹി കഠിനമായി യത്നിച്ചു. മദ്യപിക്കുന്നവരോട് അരുതേ എന്നദ്ദേഹം പറഞ്ഞു. "അരുത് എന്നു പറയാൻ നീയാരാ....? ഞങ്ങളുടെ വ്രണങ്ങളുടെ വേദന വേദനയില്ലാത്തവനു മനസ്സിലാകുമോ....." അദ്ദേഹത്തിന്റെ ശുശ്രൂഷ സ്വീകരിച്ചവർതന്നെ അദ്ദേഹത്തിനെതിരായി. ആരോപണങ്ങളുടെയും അപവാദങ്ങളുടെയും കൊടുങ്കാറ്റിൽപ്പെട്ട് ആ പാവം പുരോഹിതന്റെ മനസ്സും ഹൃദയവും ആടിയുലഞ്ഞു. വിമർശനങ്ങളുടെ ശരശയ്യയിൽ കിടന്ന് ആ ഹൃദയം വെന്തുനീറി. ഫാ. ഡാമിയൻ പൊട്ടിക്കരഞ്ഞു. താൻ സ്വന്തമെന്നു കരുതിയവർ തന്നെ തിരസ്കരിച്ചിരിക്കുന്നു. വേദന പങ്കുവയ്ക്കാൻപോലും ആരുമില്ലല്ലോ.... ആർക്കുവേണ്ടി താൻ മൊളോക്കോയിൽ എത്തിയോ, ആരെ ചോറുവാരിതീറ്റിയോ അവരെല്ലാം തനിക്കെതിരെ തിരിഞ്ഞിരിക്കുന്നു. പരിഹസിക്കുന്നു. തന്നെ വേണ്ടായെന്നു പറഞ്ഞ് കല്ലെറിയുന്നു.... കർത്താവിന്റെ പുരോഹിതൻ കുമ്പിട്ടിരുന്ന് വിങ്ങിവിങ്ങിക്കരഞ്ഞു. വ്രണങ്ങളുടെ വേദന മനസ്സിലാകുന്നില്ലപോലും...! കുനിഞ്ഞിരുന്ന് ആ പാവം കയ്യുറപോലുള്ള പഞ്ഞികെട്ടുകളിൽനിന്ന് തന്റെ കൈകൾ വലിച്ചൂരിയെടുത്തു. പൊട്ടിക്കരഞ്ഞുകൊണ്ട് ആ പുരോഹിതൻ തന്റെ മക്കളെ ആശ്ലേഷിക്കുവാൻ കരങ്ങൾ നീട്ടി....വിരലറ്റുപോയി പഴുത്തൊലിക്കുന്ന കൈകൾ!!!

അയ്യോ.... കുഷ്ഠരോഗികൾ മാറത്തടിച്ചു നിലവിളിച്ചുകൊണ്ട് അന്തംവിട്ടോടി. തങ്ങൾക്കുവേണ്ടി ജീവിക്കുവാൻ മറന്നുപോയവൻ തങ്ങളുടെ രോഗവും ഏറ്റെടുത്തിരിക്കുന്നു. കുഷ്ഠരോഗമില്ലാത്തവൻ കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് കുഷ്ഠരോഗിയായിരിക്കുന്നു....എന്നിട്ടെന്ത് പ്രതിഫലമാണ് ഞങ്ങൾ അദ്ദേഹത്തിന് കൊടുത്തത്! നന്ദികെട്ടവരല്ലേ ഞങ്ങൾ.... ആ കുഷ്ഠരോഗികൾ വാവിട്ടുകരഞ്ഞു. മദ്യപരുടെ മാനസാന്തരത്തിന് പിന്നെ മറ്റൊന്നും വേണ്ടിയിരുന്നില്ല.

1899 ഏപ്രിൽ 15 മൊളോക്കോ ദ്വീപുപോലും പൊട്ടിക്കരഞ്ഞു. അന്നാണ് കുഷ്ഠരോഗം ബാധിച്ച് ഫാ. ഡാമിയൻ മരിക്കുന്നത്. വിശുദ്ധനായ ആ പുരോഹിതന്റെ മൃതദേഹം അദ്ദേഹം അന്തിയുറങ്ങിയിരുന്ന മരച്ചുവട്ടിൽ, ഭൂമിയുടെ ഉപ്പായി, ലോകത്തിന്റെ പ്രകാശമായി മാറിയ വിശുദ്ധനായ ഡാമിയനെ സംസ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്മാരകത്തിൽ ആലേഖനം ചെയ്യപ്പെട്ട വാക്യം നിത്യപുരോഹിതന്റേതുതന്നെയാണ്. "സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ 15,13).

"വാ കാപ്പി കുടിക്കാം..." ഗൃഹനാഥയായ മിനിയുടെ വിളികേട്ടപ്പോഴാണ് ഞങ്ങളൊക്കെ വിശുദ്ധനായ ഡാമിയന്റെ ജീവിതത്തിൽനിന്നും ഉണർന്നത്. എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞിരുന്നു. അത്രയേറെ ഹൃദയസ്പർശിയായിട്ടായിരുന്നു ജോസഫുകുട്ടി വി. ഡാമിയന്റെ ജീവചരിത്രം ജീവിച്ചുവായിച്ചത്.

ആ ഭവനത്തെ ഓർത്ത് നന്ദിപറഞ്ഞ്, ഒരുമിച്ചുചേർത്ത് പ്രാർത്ഥിച്ചു സ്തുതിചൊല്ലി തിരികെപോന്നപ്പോൾ മനസ്സിലൊത്തിരി പ്രാർത്ഥിച്ചു. "ഈശോനാഥാ, ആഗോളസഭ വിശ്വാസവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധരോടൊപ്പം വിശ്വാസം ആഘോഷമാക്കുന്ന ഇത്തരത്തിലുള്ള അനേകം ഭവനങ്ങൾ പടുത്തുയർത്തുവാൻ ഞങ്ങളെ ഓരോരുത്തരേയും അനുഗ്രഹിക്കണമേ".

*"കർത്താവായ ദൈവമേ, മിശിഹായുടെ മണവാട്ടിയായ തിരുസ്സഭയെ സംരക്ഷിക്കണമേ. അവളിൽ സമാധാനവും ശാന്തിയും നിറയ്ക്കണമേ. അവളുടെ സന്താനങ്ങളെ നേർവഴികാട്ടണമേ. നിന്റെ നിയമങ്ങൾ ഞങ്ങളുടെ പാദങ്ങൾക്കു വിളക്കും വഴികാട്ടിയുമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും ആമ്മേൻ".* (പള്ളിക്കൂദാശക്കാലം, വ്യാഴം റംശാ സ്ലോസാ).






# പരിശുദ്ധ കുർബാന: ഏറ്റവും വലിയ അത്ഭുതം


**Sqn.Ldr.K.S.Mathew (Retd)**
Changanacherry


**അത്ഭുതങ്ങളും അടയാളങ്ങളും**

അത്ഭുതപ്രവർത്തകരായ വിശുദ്ധന്മാരുടെയും ഈശോയുടെ തിരുഹൃദയത്തിന്റെയും ഉണ്ണീശോയുടെയും മാതാവിന്റെയുമൊക്കെ പേരിൽ നൊവേനകൾ അർപ്പിച്ചാൽ വലിയ അത്ഭുതങ്ങൾ നടക്കുന്നു. അതുപോലെയൊന്നും പരി. കുർബാനയിൽ സംഭവിക്കുന്നില്ല എന്നതാണ് നമ്മുടെ സമൂഹത്തെ ഏതാണ്ട് പൂർണ്ണമായും നൊവേനകളിലേക്ക് ആകർഷിക്കുന്ന പ്രധാന ചിന്ത. വിശുദ്ധന്മാരുടെ സാന്നിദ്ധ്യത്തിനും മദ്ധ്യസ്ഥതയ്ക്കും വളരെ പ്രാധാന്യം ഉണ്ട്. അത് അതിന്റെ പൂർണ്ണതയിൽ സംലഭ്യമാകുന്നത് പരി. കുർബാനയിലാണ്. ലോകത്തിൽ സംഭവിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ അത്ഭുതം അനുദിനം പരി. കുർബാനയിൽ സംഭവിക്കുന്നത് ഒരുപക്ഷേ നമ്മൾ ശ്രദ്ധിക്കുന്നില്ലായിരിക്കും. മനുഷ്യനിർമ്മിതമായ അപ്പവും വീഞ്ഞും ഈശോയുടെ ശരീരരക്തങ്ങളായി മാറി, ഈശോ നമ്മുടെ ഇടയിലും നമ്മുടെ ഉള്ളിലും, സന്നിഹിതനാകുന്നതാണ് ആ വലിയ അത്ഭുതം. ആ അത്ഭുതത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് നൊവേനയെ ആശ്രയിക്കേണ്ട ആവശ്യം എന്താണ്? അതും രൂപതാദ്ധ്യക്ഷന്മാരുടെ കല്പനകൾ ലംഘിച്ചുകൊണ്ടു നടത്തുന്ന നൊവേനകളിൽ. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമെന്ന് (1 സാമു 15:22) തിരുവചനം പഠിപ്പിക്കുമ്പോൾ, അനുസരണക്കേടിലൂടെ നടത്തുന്ന നൊവേനകളിലെ അത്ഭുതങ്ങൾ നമ്മുടെ കർത്താവായ ഈശോമിശിഹായിൽ നിന്നുതന്നെയോ എന്ന് വിവേചിച്ചറിയേണ്ടിയിരിക്കുന്നു.

ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37). അതുകൊണ്ട് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കും. എന്നാൽ പ്രവചനങ്ങളുടെ പൂർത്തീകരണമോ അത്ഭുതങ്ങളോ, ദൈവിക സാന്നിദ്ധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും തെളിവാകണമെന്നില്ല (നിയ 13:1-2; മത്താ 7:22-23). അതുകൊണ്ട് അത്ഭുതങ്ങളുടെ പേരിൽ നൊവേനകളിൽ ആശ്രയം വയ്ക്കുന്നവർ പരി. കുർബാനയോടും നമ്മുടെ കർത്താവായ ഈശോമിശിഹായോടും അവിശ്വസ്തത പുലർത്തുന്നു.

**വിശ്വാസത്തിന്റെ കേന്ദ്രം**

നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രം കർത്താവീശോമിശിഹായുടെ ഉത്ഥാനമാണ്. പരി. കുർബാനയോട് വിശ്വസ്തത പുലർത്താത്തവർ തള്ളിപ്പറയുന്നത് ഈശോയുടെ ഉത്ഥാനത്തിലുള്ള വിശ്വാസമാണ്. ഇങ്ങനെയുള്ളവരെ ഈശോ എങ്ങനെ കാണുന്നു എന്ന് സുവിശേഷത്തിലെ ഒരു സംഭവത്തിലൂടെ വ്യക്തമാകും. ഈശോ താൻ സഹിക്കാനിരുന്ന തിരസ്കരണങ്ങളെയും പീഡാസഹനങ്ങളെയും മരണത്തെയും ഉത്ഥാനത്തെയുംപറ്റി ശിഷ്യരോട് പറഞ്ഞപ്പോൾ പത്രോസിന് ഉത്ഥാനത്തിന്റ പൊരുൾ മനസ്സിലായില്ല. അതുകൊണ്ട് പത്രോസ് ഈശോയ്ക്ക് സഹനങ്ങൾ ഉണ്ടാകാതിരിക്കട്ടെ എന്നു പറഞ്ഞു (മർക്കോ 8:31-33). എന്നാൽ ഈശോയ്ക്ക് പീഡാസഹനത്തിനും മരണത്തിനുംശേഷം വരാനിരുന്ന ഉത്ഥാനവും സ്വർഗ്ഗാരോഹണവും (യോഹ 14:2-3; യോഹ 16:5) ആയിരുന്നു ലക്ഷ്യം. കാരണം ഇവയിലൂടെ മാത്രമേ പിതാവ് ഏല്പിച്ച രക്ഷകരദൗത്യം പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈശോ പത്രോസിന്റെ തടസ്സത്തെ സഹനത്തിനുള്ള തടസ്സമായിട്ടല്ല പ്രത്യുത, ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും സർവ്വോപരി പിതാവിന്റെ ഹിതത്തിനുമെതിരായ തടസ്സമായി കാണുകയും പത്രോസിനെ സാത്താൻ എന്നു വിളിക്കുകയും ചെയ്തു.

ഈ സംഭവം ഈശോയുടെ ഉത്ഥാനത്തിന് വളരെ മുൻപ് നടന്നതാണ്. എന്നാൽ നമ്മൾ ജീവിക്കുന്നത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും ആ ഉത്ഥാനം വിശ്വാസമായി ഏറ്റുപറഞ്ഞ് മാമ്മോദീസാ സ്വീകരിച്ചുകൊണ്ടുമാണ്. അപ്പോൾ പത്രോസിനെ സാത്താൻ എന്ന് ഈശോ വിളിച്ചെങ്കിൽ നമ്മെ എന്തായിരിക്കും വിളിക്കുക? എന്തുതന്നെ ആയാലും നാം അത് അർഹിക്കുന്നവരാണ്. നമ്മുടെ സ്വാധീനത്തിൽ കേരളം അധാർമ്മികതയിലേക്ക് നിപതിച്ചെങ്കിൽ അതിൽ അതിശയിക്കേണ്ടതുണ്ടോ?

**വിശുദ്ധ കുർബാന ദൈവമക്കളുടെ അവകാശം**

ദൈവമക്കളാക്കപ്പെട്ടവർ ഒന്നുചേർന്ന് ദിവ്യബലി അർപ്പിച്ചും പരി. കുർബാന സ്വീകരിച്ചും ദൈവത്തെ മഹത്ത്വപ്പെടുത്തണമെന്നാണ് (SC 10) സഭ ആഗ്രഹിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമെന്ന (1 പത്രോ 2:9) നിലയിൽ പരി. കുർബാന അർപ്പിക്കുന്നത് അവരുടെ അവകാശവും ധർമ്മവുമാണെന്ന് (SC 14) കൗൺസിൽ പിതാക്കന്മാർ പഠിപ്പിക്കുന്നു. മാമ്മോദീസ, മിശിഹായുടെ കൃപയുടെ ജീവൻ നല്കി, മനുഷ്യനെ ഉത്ഭവപാപത്തിൽ നിന്നും മോചിപ്പിച്ച് ദൈവോന്മുഖനാക്കി തിരികെ കൊണ്ടുവരുന്നു (CCC 405). അവർ ദൈവത്തിന്റെ ഛായയും സാദൃശ്യവും വീണ്ടെടുക്കുന്നു (ഉൽപ 1:26-27). മഹത്ത്വവും



ബഹുമാനവുംകൊണ്ട് അവർ മകുടമണിയുന്നു (സങ്കീ 8:5). അത്യുന്നതന്റെ മക്കളായി ദൈവം അവരെ അംഗീകരിക്കുന്നു (സങ്കീ 82:6). താൻ സൃഷ്ടിച്ച സകലത്തിന്റേയും മേൽ ദൈവം അവന് ആധിപത്യം നല്കുന്നു (ഉൽപ 1:26; സങ്കീ 8:6-8). മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നവന് ദൈവത്തെ - ആബാ - എന്നു വിളിക്കുവാനുള്ള അവകാശം ലഭിക്കുന്നു (റോമ 8:15-17). ഈ അവകാശം മക്കൾക്കു മാത്രമുള്ളതാണ്.

**മക്കളെ സ്നേഹിക്കുന്ന ദൈവം**

മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനെങ്കിലും അവന് പരിമിതികൾ ഉണ്ട് (CCC 396). അതുകൊണ്ട് അവന്റെ അറിവും പരിമിതമാണ്. അവനെ പൂർണ്ണമായി അറിയുന്നത് അവന്റെ സ്രഷ്ടാവായ ദൈവം മാത്രം. ദൈവം മനുഷ്യരായ നമ്മെ നമ്മുടെ ജനനത്തിന് മുൻപേ അറിയുന്നു. നമ്മുടെ ഈ ലോകത്തിലെ ദൗത്യവും അനാദിയിലേ അവിടുന്നു തീരുമാനിച്ചിരിക്കുന്നു (ജറെ 1:4-5). അവിടുന്നു നമ്മെ വ്യക്തിപരമായി അറിയുന്നു. പേരു ചൊല്ലി വിളിക്കുന്നു. നാം അവിടുത്തെ സ്വന്തമാണ് (ഏശ 43:1). നാം അവിടുത്തേക്ക് വിലപ്പെട്ടവരും ബഹുമാന്യരും പ്രിയപ്പെട്ടവരുമാണ് (ഏശ 43:4). അവിടുന്ന് നമ്മുടെ പാപങ്ങൾ സ്വന്തമായി കരുതി തുടച്ചുമാറ്റുന്നു (ഏശ 43:25). നമ്മുടെ പാപങ്ങൾമൂലം അവിടുന്നു നമ്മളെ വിസ്മരിക്കുകയില്ല (ഏശ 44:21-22). നമ്മൾ അവിടുത്തേക്ക് എതിരായി തിന്മ പ്രവർത്തിക്കുമ്പോഴും അവിടുന്നു നമ്മെ വത്സലപുത്രൻ, ഓമനക്കുട്ടൻ എന്നു വിളിച്ച് നിസ്സീമമായ കരുണകാട്ടുന്നു (ജറെ 31:20). നാം അവിടുത്തോടു കലഹിക്കുമ്പോഴും അവിടുന്നു നമ്മെ മക്കൾ എന്നു വിളിക്കുന്നു (ഏശ 1:2). അവിടുത്തെ അചഞ്ചലമായ സ്നേഹവും സമാധാനവും ഒരിക്കലും നമ്മെ പിരിയുകയില്ല (ഏശ 54:10). കാരണം നമ്മൾ അവിടുത്തെ മക്കളാണ്. അത് നമ്മുടെ നന്മതിന്മയുടെ തോത് അനുസരിച്ച് മാറുന്നില്ല. നമ്മൾ പാപം ചെയ്യുമ്പോഴും ആ ബന്ധം മാറ്റമില്ലാതെ നിലനില്ക്കുന്നു. എങ്കിലും പാപാവസ്ഥയിൽ അതിന്റെ ഫലം അനുഭവിക്കുവാൻ നമുക്ക് സാധിക്കാതെ വരുന്നു.

**പ്രലോഭനങ്ങളെ നേരിടുവാൻ**

മനുഷ്യൻ ദൈവമക്കളുടെ ചൈതന്യം വീണ്ടെടുത്താലും അവന്റെ അന്തരംഗം തിന്മയിലേക്ക് ചാഞ്ഞിരിക്കും (ഉൽപ 8:21). അവൻ ജീവിക്കുന്നത് തിന്മയുടെ സ്വാധീനത്തിലുമാണ് (ഏശ 6:5). ദൈവമക്കളുടെ ചൈതന്യത്തിൽ ജീവിക്കുന്നത് വലിയ ബലപ്രയോഗത്തിന്റെ വിഷയമാണ് (മത്താ 11:12). അതുകൊണ്ട് പ്രലോഭനങ്ങളെ നേരിടുവാൻ സദാ സന്നദ്ധമായിരിക്കണം. ദൈവമക്കളാണെന്ന അവബോധം ഉള്ളവർക്കേ പ്രലോഭകനെ തോൽപ്പിക്കുവാൻ കഴിയൂ. സർപ്പം ഹവ്വായെ സമീപിക്കുമ്പോൾ അവൾ യഥാർത്ഥത്തിൽ ദൈവികചൈതന്യത്തിൽ നിറഞ്ഞ, സൃഷ്ടപ്രപഞ്ചം മുഴുവന്റേയും മേൽ ആധിപത്യമുള്ള, ദൈവമകളായിരുന്നു (ഉൽപ 3:1-5). എന്നാൽ ഈ അവബോധം അവൾക്കില്ലായിരുന്നതുകൊണ്ട് അവളുടെ അധീനതയിലുള്ള സർപ്പത്തിന്റെ പ്രലോഭനത്തിൽ അവൾ വീണു. അതും താൻ ആയിരുന്നതിനെക്കാൾ വളരെ താഴെയുള്ള പ്രതിഫലത്തിനുവേണ്ടി (ദൈവത്തെപ്പോലെ ആകുവാൻ). ഇതിനു വിപരീതമായ രീതിയിലാണ് ഈശോ പരീക്ഷകനെ നേരിടുന്നത്. അവിടുന്ന് മാമ്മോദീസാ സ്വീകരിച്ചതിനുശേഷം മരുഭൂമിയിൽ ഉപവസിക്കുവാൻ പോകുകയും അവിടെ 40 ദിവസത്തെ ഉപവാസത്തിനുശേഷം പരീക്ഷകനെ നേരിടുകയും ചെയ്തു (മത്താ 3:16-4:11). മനുഷ്യനാണെങ്കിലും താൻ ദൈവപുത്രനാണെന്ന അവബോധം ഈശോ എന്നും നിലനിർത്തിയിരുന്നു (ലൂക്കാ 22:70, 23:34, 23:46; യോഹ 14:11-12). ആ അവബോധത്തിൽ നിന്നതുകൊണ്ടാണ് ഈശോയ്ക്ക് പ്രലോഭകനെ തോല്പിക്കുവാൻ സാധിച്ചത്.

മാമ്മോദീസായിലൂടെ ദൈവമക്കളാക്കപ്പെട്ട നമ്മൾ, ആ അവബോധത്തിൽ പ്രാർത്ഥിക്കുകയും ജീവിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുമ്പോഴാണ്, പ്രലോഭനങ്ങളെ അതിജീവിക്കുവാനും വിശ്വസ്തതയോടെ പരി. കുർബാന അർപ്പിക്കുവാനും പ്രാപ്തരാകുക.

(തുടരും).



# -ശ്രദ്ധിക്കുക- നമ്മുടെ കുഞ്ഞുങ്ങളെ

**എം.സി. ഇൽഡെഫോൺസ്**
സോഷ്യൽ ആനിമേറ്റർ

- 5-6 വയസ്സുവരെ കുഞ്ഞുങ്ങളെ രാജകുമാരന്മാരും രാജകുമാരിമാരുമായി വളർത്തുക. ആടയാഭരണങ്ങളോ വിഭവസമൃദ്ധമായ ഭക്ഷണപാനീയങ്ങളോ അല്ല ഇവിടെ വിവക്ഷിക്കുക. ഇതൊക്കെ നമ്മുടെ കഴിവിനനുസരിച്ചു നല്കണം. ഉള്ള സാഹചര്യങ്ങളും സൗകര്യങ്ങളും മതി. പക്ഷേ, പ്രാധാന്യം നല്കേണ്ടത് അവരെ സന്തോഷിപ്പിക്കാനും പൊട്ടിച്ചിരിപ്പിക്കാനുമാണ്. ഇത് ആരോഗ്യത്തിനും സൗന്ദര്യത്തിനും ഉപകരിക്കും. ഇതിനാവശ്യം നാം നല്കുന്ന പരിധിയില്ലാത്ത കരുതലും സ്നേഹവാത്സല്യങ്ങളുമാണെന്നോർക്കുക.
- 6-16 വയസ്സുവരെ അവരെ വേലക്കാരായി കരുതുക. അവരെ അനുസരണം എന്ന പുണ്യം അഭ്യസിക്കാനും ഭാവിജീവിതത്തിനുതകത്തക്കവിധം പ്രാപ്തരാക്കാൻ ചെറുജോലികൾ ചെയ്യുവാനും സ്നേഹപൂർവ്വം നിർബന്ധിക്കുക.
- 16 വയസ്സുകഴിഞ്ഞാൽ അവർ നമ്മുടെ കളിത്തോഴരാവട്ടെ; ആത്മാർത്ഥസ്നേഹിതരാകട്ടെ. മാതാപിതാക്കൾ അറിയാത്ത ഒരു രഹസ്യവും അവർക്കുണ്ടാവരുത്. അപ്പോഴാണ് മക്കൾ നമ്മുടെ യഥാർത്ഥ സ്നേഹിതരാവുക. ഇതിനാദ്യം വേണ്ടത് നമ്മുടെ മാതൃകയും കളങ്കമില്ലാത്ത പരസ്പരസ്നേഹവുമാണ്.
- ആവശ്യത്തിൽ കൂടുതൽ പണം നല്കരുത്.
- നിർബന്ധമായും ജോലി ചെയ്യിപ്പിക്കണം.
- കുട്ടികൾ മാതാപിതാക്കളോടൊപ്പംതന്നെ വളരണം.
- 'അരുതു'കളും 'വിലക്കു'കളും ഒഴിവാക്കുക.
- തെറ്റുകൾ മനസ്സിലാക്കുന്നവിധം ശിക്ഷിക്കുക; ശിക്ഷ ശിക്ഷണത്തിനാവണം.
- മറ്റുള്ളവരുടെ മുമ്പിൽവച്ച് കുറ്റം പറയരുത്; അമിതമായി ശാസിക്കരുത്.
- മാതാപിതാക്കൾ മക്കൾക്ക് എല്ലാ കാര്യത്തിലും മാതൃകയായിരിക്കണം.
- മൂല്യബോധത്തിൽ വളർത്തുക. ദൈവവിശ്വാസം, സ്നേഹം, സദാചാരം, സമത്വം, സഹകരണം, സഹവർത്തിത്വം, ദയ, ദാനധർമ്മം, ധാർമ്മികത, തുടങ്ങിയ കാര്യങ്ങളിൽ ഉറച്ച അടിത്തറയിടുക.
- പൊങ്ങച്ചം, ഞാനെന്ന ഭാവം, അഹങ്കാരം എന്നിവയിൽനിന്നും ഒഴിഞ്ഞുനില്ക്കുവാൻ പ്രേരിപ്പിക്കുക. എളിമ എന്ന പുണ്യം ഉന്നതിയിലേക്കുള്ള മാർഗ്ഗമാണ്. എവിടെയും ഏതവസരത്തിലും അത് വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്.






# സ്വർഗാരോപണത്തിലെത്തിനില്ക്കുന്ന സ്വാതന്ത്ര്യം

**ലീന അറയ്ക്കൽ**

*"സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതിക സുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുത് എന്നുമാത്രം. പ്രത്യുത സ്നേഹത്തോടുകൂടി ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ. എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേയൊരു കല്പനയിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു"* (ഗലാ 5:13,14).

സ്വതന്ത്രനായവനുമാത്രമേ ചുറ്റുമുള്ളവരെ അവരായിരിക്കുന്നതുപോലെ ഉൾക്കൊള്ളുവാനും ദാസന്റെ മനോഭാവത്തോടെ ശുശ്രൂഷിക്കാനും സ്നേഹിക്കാനും കഴിയൂ. കുരിശിൻചുവടുവരെ താഴ്ന്നിറങ്ങി ദൈവത്തെയും മനുഷ്യകുലത്തെ മുഴുവനെയും ശുശ്രൂഷിച്ചതുകൊണ്ടാണ് പരി. അമ്മ സ്വർഗ്ഗാരോപിതയായിത്തീർന്നത്. ഈ പാതയിലൂടെ സഞ്ചരിക്കാനാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത്. അതിന് നാം സ്വതന്ത്രരായിരിക്കണം.

**ദൈവത്തോട്:** സ്നേഹിക്കാൻമാത്രം അറിയുന്ന ദൈവം എനിക്കായി ഒരുക്കുന്നവമാത്രമാണ് എന്റെ ജീവിതത്തിൽ സംഭവിക്കുന്നത് എന്ന് ഉറച്ചുവിശ്വസിച്ചുകൊണ്ട് അബ്രാഹത്തെപ്പോലെ അവിടുത്തെ തിരുമുമ്പിൽ വ്യാപരിച്ച് ആ സ്നേഹം അനുഭവിക്കുക.

**നമ്മോടുതന്നെ:** പാപത്തിനും പാപസാഹചര്യങ്ങൾക്കും സ്വാർത്ഥതയ്ക്കും സുഖഭോഗങ്ങൾക്കും അടിമപ്പെടാതിരിക്കുവാൻ ജാഗരൂകരായിരിക്കുകയും പ്രാർത്ഥനയിലൂടെയും കൗദാശികജീവിതത്തിലൂടെയും സ്വർഗീയ സ്വാതന്ത്ര്യം അനുഭവമാക്കുകയും ചെയ്യുക.

**മറ്റുള്ളവരോട്:** സഹോദരങ്ങൾക്ക് നന്മ ചെയ്യാൻ-ശുശ്രൂഷ ചെയ്യാൻ കിട്ടുന്ന ഓരോ അവസരവും ഞാൻ നന്മ ചെയ്യാൻ സ്വതന്ത്രനാക്കപ്പെട്ടവനാണ് എന്ന ബോധ്യത്തോടെ ഉപയോഗപ്പെടുത്തുക. സഹോദരങ്ങൾക്കായി സ്നേഹത്തോടെ ശുശ്രൂഷ ചെയ്യാതിരിക്കുന്നിടത്തോളം ഞാൻ സ്വതന്ത്രനല്ല എന്ന സത്യം ഉൾക്കൊള്ളുക.

**സാഹചര്യങ്ങളോട്:** സ്ഥലകാലസാഹചര്യങ്ങളെ സേവനം ചെയ്യാനുള്ള ആഹ്വാനമായി കണ്ട് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ മധുരിമ ആസ്വദിക്കുക. പരസ്നേഹം, സേവനം, ക്ഷമ, വിനയം, കരുണ ഇവയെല്ലാം സ്വാതന്ത്ര്യമെന്ന ചെടിയിലെ പനിനീർകുസുമങ്ങളാണ്.






# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ




**സൗമ്യാ ജോസ്**
**കൂരോപ്പട**


**1–ാം ദൈവരഹസ്യം:** "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1,45). ദൈവവചനത്തിൽ വിശ്വസിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

ദൈവദൂതൻ മംഗലവാർത്ത അറിയിച്ചതുമുതൽ ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലെന്ന് ഉറച്ചുവിശ്വസിച്ച് ജീവിതംവഴി കാണിച്ചുതന്ന പരി. അമ്മേ, ജീവിതത്തിൽ ദുഃഖങ്ങളും പരാജയങ്ങളുമുണ്ടാകുമ്പോൾ നിരാശയുടെ പടുകുഴിയിലേക്ക് താണുപോകാതെ പ്രത്യാശയോടെ ദൈവത്തിൽ ആശ്രയം തേടുവാനുള്ള കൃപ അങ്ങേ തിരുക്കുമാരൻ വഴി നേടിത്തരണമേ.

**2–ാം ദൈവരഹസ്യം:** "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു" (ലൂക്കാ 1,46). വചനത്തെ ജീവിതമാക്കിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

കർത്താവിന്റെ വചനം ശ്രവിച്ചതിലൂടെ ദൈവസ്നേഹത്താൽ നിറഞ്ഞ് ശുശ്രൂഷയ്ക്കായി തിടുക്കത്തിൽ പുറപ്പെടുന്ന പരി. അമ്മേ, അനുദിനജീവിതവഴിത്താരയിൽ സഹോദരങ്ങളുടെ ആവശ്യങ്ങളിൽ അവരിലേക്ക് ഇറങ്ങിച്ചെല്ലുവാനും സ്നേഹവും ശുശ്രൂഷയും നല്കിക്കൊണ്ട് ജീവന്റെ വചനത്തെ നല്കുവാനുമുള്ള കൃപ അങ്ങേ തിരുക്കുമാരൻ വഴി നേടിത്തരണമേ.

**3–ാം ദൈവരഹസ്യം:** "അവന്റെ അമ്മ അവനോടു പറഞ്ഞു: മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്?" (ലൂക്കാ 2,48). വചനത്തെ ഉൾക്കൊണ്ട് പ്രാർത്ഥനയാക്കിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

ദൈവികപദ്ധതിയനുസരിച്ചുള്ള തന്റെ ജീവിതയാത്രയിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ഉണ്ടായപ്പോഴും ദൈവഹിതത്തിന് പൂർണ്ണമായും വിധേയപ്പെട്ട പരി. അമ്മേ, മാനുഷികമൂല്യങ്ങൾക്ക് യാതൊരു വിലയും കല്പിക്കാതെ, സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കുവാനായി സഹോദരങ്ങളുടെ ജീവൻപോലും നശിപ്പിക്കുന്നവരിൽ മാനസാന്തരത്തിന്റെ ചലനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കൃപ അങ്ങേ തിരുക്കുമാരൻ വഴി നേടിത്തരണമേ.

**4–ാം ദൈവരഹസ്യം:** "അവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (നട 1,4). വചനത്തിലൂടെ ശക്തിപ്പെടുത്തുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

ഈശോയാൽ വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിന്റെ വരവിനായി ഭയചകിതരായിരുന്ന ശ്ലീഹന്മാരുടെ കൂടെയായിരുന്നുകൊണ്ട് അവരെ ശക്തിപ്പെടുത്തിയ പരി. അമ്മേ, പാപസാഹചര്യങ്ങളിൽ വീണുപോകുമ്പോഴും തിന്മകളുടെ പ്രവണതകൾ ഞങ്ങളിൽ ഉയരുമ്പോഴും, ഓരോ സൃഷ്ടിയെയും തന്നിലേക്ക് അടുപ്പിക്കുവാൻ കാത്തിരിക്കുന്ന ദൈവസ്നേഹത്തിലേക്ക് തിരിയാനുള്ള കൃപ അങ്ങേ തിരുക്കുമാരൻ വഴി നേടിത്തരണമേ.

**5–ാം ദൈവരഹസ്യം:** "ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി! കർത്താവ് നിന്നോടുകൂടെ" (ലൂക്കാ 1,28). വചനത്താൽ അനുഗ്രഹിക്കപ്പെട്ട പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

ദൈവകൃപയാൽ നിറഞ്ഞ് അനുഗൃഹീതമായ ജീവിതം നയിച്ച് ഇപ്പോൾ സ്വർഗ്ഗത്തിൽ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കുന്ന പരി. അമ്മേ, ദൈവത്തിന്റെ സമ്മാനമായ ഈലോകജീവിതത്തിൽ നശ്വരമായ ലോകസുഖങ്ങളിൽ മുഴുകി ജീവിക്കാതെ നന്മയുടെ പാതയിൽ ചരിച്ചുകൊണ്ട് സഹോദരങ്ങൾക്ക് ഒരു അനുഗ്രഹമായിത്തീരുവാനും നിത്യസമ്മാനത്തെ ലക്ഷ്യംവച്ചുകൊണ്ട് വിശുദ്ധിയിൽ ജീവിക്കുവാനുമുള്ള കൃപ അങ്ങേ തിരുക്കുമാരൻ വഴി നേടിത്തരണമേ.



വിചാരണ



# പള്ളികൾ വിഗ്രഹങ്ങളാകാതിരിക്കട്ടെ...

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**


പള്ളിയും വീടുമൊക്കെയല്ലേ, എന്നുമെന്നും പണിയാൻ പറ്റില്ലല്ലോ. അതുകൊണ്ട് പണിയുമ്പോൾ വൃത്തിയായിട്ട് പണിയണം. ദൈവാലയ നിർമ്മാണത്തിനോ വീടു നിർമ്മാണത്തിനോ വട്ടം കൂട്ടുമ്പോൾ പൊതുവേ പറഞ്ഞുകേൾക്കുന്ന ഒരു നാടൻ ശീലാണിത്. ആയുസിലൊരിക്കലോമറ്റോ നിർമ്മിക്കുന്ന വീടോ ഇടവകദൈവാലയമോ ഏറ്റവും മനോഹരമായിരിക്കണമെന്ന് ബന്ധപ്പെട്ടവർ ആഗ്രഹിക്കുക തികച്ചും സ്വാഭാവികം തന്നെ. ആ ചിന്തയിൽ അപാകതയൊന്നുമില്ലെങ്കിലും അതും അതിനോടു ചേരുന്ന പ്രവൃത്തികളും മാരകമായിത്തീരുന്ന അനുഭവങ്ങൾ കൂടിവരികയാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

പള്ളി പണിയുന്നത് ഇടവകയുടെ ആത്മീയ ശുശ്രൂഷകൾക്കുവേണ്ടി മാത്രമല്ല, മറിച്ച് ഇടവകക്കാരുടെ പത്രാസുകാട്ടാനും നിർമ്മാണത്തിനു നേതൃത്വം കൊടുത്തവരുടെ പെരുമയ്ക്കുംവേണ്ടിക്കൂടിയാണെന്നു ചിന്തിക്കേണ്ടിവരുന്നു. ചില ദൈവാലയങ്ങളും അതു നിർമ്മിച്ച ഇടവകജനങ്ങളുടെയും അതിനു നേതൃത്വം കൊടുത്തവരുടെയും പ്രതികരണങ്ങളും കാണുമ്പോൾ പാവങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ദാരിദ്ര്യത്തിൽ ജീവിക്കണമെന്നുള്ള കേട്ടു തഴമ്പിച്ച വിപ്ലവപ്രസംഗമായി ഇതിനെ പരിഗണിക്കരുത്. അതേസമയം തിരുത്തപ്പെടേണ്ട ചില മനോഭാവങ്ങളും ഉൾക്കൊള്ളേണ്ട ചില ബോധ്യങ്ങളും തിരിച്ചറിയണമെന്നതും പ്രധാനപ്പെട്ട കാര്യമാണ്.

ദൈവാലയ നിർമ്മാണരംഗത്ത് ഇന്ന് അനാവശ്യമായ ഒരു മത്സരബുദ്ധി ഉണ്ടാകുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവർ പണിയുന്നതിനെക്കാൾ അല്പം കൂടി മുന്നിട്ടു നില്ക്കണം നമ്മുടെ പള്ളി എന്നു ചിന്തിക്കുന്നതിനു പകരം നാടിന്റെ ആവശ്യവും സാഹചര്യവുമനുസരിച്ച് തീരുമാനമെടുക്കുന്നതല്ലേ ഉചിതമെന്നു ചിന്തിക്കണം. ആർഭാടത്തിനു അകമ്പടി സേവിക്കുന്ന ഇന്നത്തെ ജീവിതപശ്ചാത്തലത്തിൽ ദൈവാലയ നിർമ്മാണത്തിലും അതിന്റെ അലയൊലികൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു നാം തിരിച്ചറിയണം. അത്യാവശ്യവും ആവശ്യവും കഴിഞ്ഞ് ആർഭാടത്തിനുവേണ്ടി മാത്രം കോടികൾ മുടക്കുന്ന ശൈലികളേക്കുറിച്ചാണിവിടെ സൂചിപ്പിക്കുന്നത്. വീടുനിർമ്മാണത്തിലും ഈയൊരു യാഥാർത്ഥ്യം വിചിന്തനം ചെയ്യപ്പെടേണ്ടതാണ്. അദ്ധ്വാനിച്ചുണ്ടാക്കിയ സ്വന്തം പണമുപയോഗിച്ച് തനിക്കിഷ്ടമുള്ളതുപോലെ വീടു പണിയുന്നതിന് ആർക്കാണു ചേതം എന്നു ചിന്തിക്കുന്ന സമൂഹമാണിന്നുള്ളത്. അതിന്റെ പ്രതിഫലനമാണ് ഭവനനിർമ്മാണത്തിലും ദൈവാലയനിർമ്മാണത്തിലുമൊക്കെ കണ്ടുകൊണ്ടിരിക്കുന്ന ധൂർത്ത്.

ആവശ്യമില്ലാത്ത ആർഭാടങ്ങൾക്കുവേണ്ടി മാത്രം കോടികൾ ചെലവഴിച്ച് ദൈവാലയങ്ങൾ നിർമ്മിക്കപ്പെടുമ്പോൾത്തന്നെ ആത്മീയശുശ്രൂഷകൾക്കാവശ്യമായ ഒരു ചെറിയ ദൈവാലയം പണിതുയർത്തുന്നതിന് കുറച്ചു ലക്ഷങ്ങൾ സ്വരുക്കൂട്ടാൻ വികാരിയച്ചനോടൊപ്പം ചോര നീരാക്കുന്ന കൊച്ചിടവകകൾ ഉണ്ടാകുമ്പോൾ അതു നമ്മുടെ മനസ്സാക്ഷിക്കു മുമ്പിലൊരു ചോദ്യചിഹ്നമാകേണ്ടതല്ലേ? ആർഭാടത്തിൽനിന്ന് കുറച്ചു ലക്ഷങ്ങൾ അടർത്തിമാറ്റി അങ്ങനെയുള്ള ഇടവകസമൂഹത്തിന് കൈത്താങ്ങായി മാറാൻ വലിയ ഇടവകകൾക്കു കടമയുണ്ടെന്നു ഞാൻ കരുതുന്നു. കുറഞ്ഞ പക്ഷം ഓരോ രൂപതാതിർത്തികൾക്കുള്ളിലെങ്കിലും ഈയൊരു പങ്കുവയ്ക്കലിന്റെ ചൈതന്യം വളർത്തിയെടുക്കാൻ സാധിച്ചെങ്കിൽ മാത്രമേ ആഡംബരപ്പള്ളികളിലും തിക്കുമുട്ടലുകൂടാതെ സ്വസ്ഥമായി പ്രാർത്ഥിക്കാൻ കഴിയൂ.

"ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം"
(1 തെസ 4,3).



**ദൈവദാസൻ**
**ബിഷപ് വില്യം ജകമീന്താ**

## അനുസരണയുടെ മനുഷ്യൻ

പറയുവാൻ എളുപ്പവും എന്നാൽ ജീവിക്കുവാൻ ഏറ്റവും വൈഷമ്യമേറിയതുമാണല്ലോ അനുസരണം. എപ്പോഴും എല്ലാവരേയും അനുസരിക്കുന്ന ജകമീന്താ പിതാവിന്റെ ജീവിതം എല്ലാവർക്കും മാതൃകതന്നെയായിരുന്നു. കരയുന്നവരോടുകൂടി കരയുവാനും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവാനും കഴിയുന്ന ഒരു എളിയ ഹൃദയമായിരുന്നു പിതാവിന്റേത്. തന്റെ സഹനങ്ങളുടെയും വേദനകളുടെയും മദ്ധ്യത്തിൽപോലും ദൈവഹിതം കണ്ടുകൊണ്ട് പിതാവായ ദൈവത്തിന്റെ മുൻപിൽ അനുസരണയുള്ള വ്യക്തിയായിത്തീർന്നു. "കർത്താവേ, ഞാൻ നിന്റെ ഒരു ഉപകരണംമാത്രം. നിന്നെ കൂടാതെ ശക്തിയോ, ശബ്ദമോ എനിക്കില്ല" എന്ന പിതാവിന്റെ പ്രാർത്ഥനയിൽ ദൈവത്തിന്റെ മുമ്പിൽ താൻ ഒന്നുമല്ല, ഒരു ഉപകരണം മാത്രം എന്ന ചിന്ത തെളിഞ്ഞുനിന്നിരുന്നു.

എപ്പോഴും എളിമ നിറഞ്ഞ ജീവിതമായിരുന്നു പിതാവിന്റേത്. പിതാവിൽ വിളങ്ങിയിരുന്ന കരുണാർദ്രമായ സ്നേഹവും വിനയവും ദീർഘശാന്തതയും വിരോചിതമായ സഹനവും ഏവർക്കും പ്രചോദനാത്മകമായിരുന്നു. ദൈവം ഏല്പിച്ചിരുന്ന ദൗത്യം അങ്ങേയറ്റം വിശ്വസ്തതയോടും ആത്മാർത്ഥതയോടുംകൂടി അദ്ദേഹം നിറവേറ്റിയിരുന്നു. ഓരോ സംഭവവും ദൈവിക പദ്ധതിയുടെ ഭാഗമായി ഉറച്ചുവിശ്വസിച്ചുകൊണ്ട്, വേദനാജനകമാണെങ്കിൽപോലും അതിനെ അതായിരിക്കുന്ന വിധത്തിൽ സ്വീകരിച്ചിരുന്നു. "നമ്മുടെ ജീവിതത്തിലൂടെ കടന്നുവരുന്ന ഓരോ നിമിഷവും ദൈവപിതാവിന്റെ ഹൃദയത്തിൽനിന്നും പൊട്ടിയൊഴുകുന്ന അരുവിയാണ്. ആ അരുവിയിലെ ജലം ഒരുപക്ഷേ എന്റെ സമീപത്തുകൂടി ശാന്തമായും ചിലപ്പോഴൊക്കെ കുത്തിയൊലിച്ചും കലങ്ങിമറിഞ്ഞും വന്നേക്കാം. എങ്ങനെ വന്നാലും എല്ലാം ദൈവപിതാവിന്റെ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്നതാണ്. ഇങ്ങനെ നമ്മുടെ ഓരോ നിമിഷത്തേയും കണ്ടുകൊണ്ട് ജീവിതത്തെ നേരിട്ടാൽ എത്രയോ ആനന്ദകരമാണ് നമ്മുടെ ജീവിതം".

# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

For private circulation only

“കർത്താവേ, അങ്ങേ രാജ്യത്തിൽ സ്വർഗ്ഗീയ സൗഭാഗ്യമനുഭവിക്കുന്നതിനുള്ള ദാനം ഞങ്ങൾക്കു തരണമേ. രക്ഷിതാവിന്റെ ദർശനം തന്നെ സകല നന്മകളുടെയും പ്രാരംഭമാകുന്നു. നിന്നിലേക്ക് കണ്ണുകളുയർത്തുന്നവർ സുലഭമായി അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ആകയാൽ മുകളിലുള്ളത് വിചാരിച്ചുകൊണ്ട് ജീവിതം ഫലപ്രദമാക്കുവാൻ ഞങ്ങളെ സഹായിക്കണമേ”

(ശനി, റംശ ഏലിയാ-സ്ലീവാ-മൂശെക്കാലങ്ങൾ)

പ്രോസാങ്ട്ടിറ്റി പബ്ലിക്കേഷൻസ്